2026 MARCH 23

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.c 7 324 4907; 917 662 1122



# വന്നു പോയവളല്ല... നിലകൊണ്ടവളാണ്

## ചതികളിൽ തോറ്റിട്ടും പിന്മാറാത്ത ലീലാ മാരേട്ട്


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA



# വന്നു പോയവളല്ല... നിലകൊണ്ടവളാണ്

## ചതികളിൽ തോറ്റിട്ടും പിന്മാറാത്ത ലീലാ മാരേട്ട്



**ഫൊക്കാന**യുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട പേരുകളിൽ ഒന്നാണ് ലീലാ മാരേട്ട്. അഞ്ചാം തവണ പ്രസിഡന്റായി മത്സരിക്കുന്ന അവർ, പരാജയങ്ങളെ ശാസ്ത്രജ്ഞയുടെ മനസ്സോടെ കണ്ട് ശുഭാപ്തിവിശ്വാസം കൈവിടാതെയാണ് മുന്നോട്ടു നടക്കുന്നത്.

തോമസ് ആൽവാ എഡിസൺ ആയിരക്കണക്കിന് പരീക്ഷണങ്ങൾക്കൊടുവിൽ വൈദ്യുതി ബൾബ് വിജയകരമായി കണ്ടുപിടിച്ച കഥ അവർക്കൊരു ഉദാഹരണം മാത്രമല്ല ജീവിതതത്വമാണ്. ‘‘പ്രവർത്തിക്കാത്ത 1000 വഴികൾ കണ്ടെത്തിയതാണ്, തോൽവി അല്ല’’ എന്ന സമീപനം തന്നെയാണ് ലീല മാർട്ടിനെ വീണ്ടും മത്സരരംഗത്തേക്ക് കൊണ്ടുവരുന്നത്.

ന്യൂയോർക്ക് സിറ്റിയിലെ പരിസ്ഥിതി സംരക്ഷണ വകുപ്പിൽ 30 വർഷം ശാസ്ത്രജ്ഞയായി സേവനം അനുഷ്ഠിച്ച അനുഭവവും, 22 വർഷത്തെ



ഫൊക്കാന സംഘടനാ പ്രവർത്തനവും ചേർന്നാണ് ലീലയുടെ നേതൃപാടവം രൂപപ്പെട്ടത്. നാഷണൽ കമ്മിറ്റി മെമ്പറിൽ നിന്ന് റീജിയണൽ വൈസ് പ്രസിഡന്റായി, ട്രഷററായി, ആദ്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളെല്ലാം അവർ കടുത്ത തെരഞ്ഞെടുപ്പുകളിലൂടെ നേടിയതാണ്. 2025ൽ തന്നെ ആറ് കമ്മ്യൂണിറ്റി സർവീസ് അവാർഡുകൾ തേടിയെത്തിയത് ലീല മാരേട്ടിന്റെ സേവനപരതയ്ക്കുള്ള അംഗീകാരമാണ്. ഫൊക്കാനയ്ക്കു വേണ്ടി ചോരയും നീരും കൊടുത്തതാണ് പ്രസിഡന്റായി മത്സരിക്കാനുള്ള തന്റെ യോഗ്യത എന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. വന്നുപോയ ഒരാളല്ല, നിലകൊണ്ട ഒരാൾ എന്ന അവകാശവാദവുമായാണ് ലീലാ മാരേട്ട് വീണ്ടും ഇക്കുറി തിരഞ്ഞെടുപ്പിന്റെ അങ്കത്തട്ടിൽ നിൽക്കുന്നത്. തോൽവികളും വിവാദങ്ങളും വിമർശനങ്ങളും മറികടന്ന് നിലകൊണ്ട ഒരു വനിതാ നേതാവിന്റെ ആത്മവിശ്വാസമാണ് ഈ അഭിമുഖത്തിൽ തുറന്നു കാട്ടുന്നത്.




***ഫൊക്കാന പ്രസിഡന്റായി വീണ്ടും മത്സരിക്കാൻ പ്രചോദനം എന്താണ്?***

ഫൊക്കാനയിൽ കഴിഞ്ഞ 22 വർഷമായി പ്രവർത്തിക്കുന്നു. 2004-ൽ നാഷണൽ കമ്മിറ്റി മെമ്പറായി തുടങ്ങിയ എന്റെ യാത്ര റീജിയണൽ വൈസ് പ്രസിഡന്റായി, ട്രഷററായി, ആദ്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായി വളർന്നു. ഓരോ പടിയും കഠിനമായ തെരഞ്ഞെടുപ്പുകളിലൂടെയാണ് ഞാൻ കടന്നുപോയത്. പലരും 'വന്നു പോയവർ' ആയി മാറിയപ്പോഴും ഞാൻ സംഘടനയോടൊപ്പം നിന്ന ഒരാളാണ്. തോറ്റാലും വിട്ടുപോകാത്തത് എന്റെ പ്രതിബദ്ധതയുടെ അടയാളമാണ്.

***പല തോൽവികൾക്ക് ശേഷവും അഞ്ചാം തവണ മത്സരിക്കുന്നത് വലിയ ധൈര്യമല്ലേ?***

ധൈര്യമാണെന്ന് ഞാൻ കരുതുന്നു. പരാജയം ഒരിക്കൽ രുചിച്ചാൽ രണ്ടാമതുപോലും തിരഞ്ഞെടുപ്പിൽ നിൽക്കാൻ ആളുകൾ മടിക്കുമ്പോൾ ഞാൻ അഞ്ചാം തവണയും നിൽക്കുകയാണ്. ഓരോ പ്രാവശ്യവും ചതിയും പണക്കൊഴുപ്പും വഞ്ചനയും കണ്ടിട്ടുണ്ട്. സൂം വഴി ഇൻ-പേഴ്സൺ ഇലക്ഷൻ മറികടന്നതും, ഒപ്പിട്ട കരാറുകൾ പാലിക്കാത്തതുമടക്കം ഒട്ടേറെ ദുരനുഭവങ്ങൾ നേരിട്ടു. നീതി തേടി കോടതിയിൽ പോയെങ്കിലും പണവും സമയവും നഷ്ടമായതല്ലാതെ ഒരു പ്രയോജനവുമുണ്ടായില്ല. എന്നിട്ടുപോലും ഞാൻ വേറെ സംഘടന ഉണ്ടാക്കി പോയിട്ടില്ല. ഫൊക്കാനയിൽ തന്നെയാണ് നിന്നത്. ഒരിക്കൽ സത്യം ജയിക്കും എന്ന വിശ്വാസമാണ് എന്നെ നയിക്കുന്നത്.

***തുടർച്ചയായ തോൽവികളെ എങ്ങനെ കാണുന്നു? അത് നിരാശപ്പെടുത്തുന്നില്ലേ?***

തോൽവി എന്നത് ഞാൻ വ്യക്തിപരമായ പരാജയമായി കാണുന്നില്ല. ഞാൻ ഒരു ശാസ്ത്രജ്ഞയാണ്. ശാസ്ത്രലോകത്ത് ഓരോ പരീക്ഷണവും വിജയിക്കണമെന്നില്ല. വൈദ്യുതി ബൾബ് കണ്ടുപിടിക്കാൻ ശ്രമിച്ച തോമസ് ആൽവാ എഡിസൺ ആയിരക്കണക്കിന് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തോട് പരാജയത്തെക്കുറിച്ച് ചോദിച്ചപ്പോൾ, "ഞാൻ പരാജയപ്പെട്ടിട്ടില്ല; പ്രവർത്തിക്കാത്ത മാർഗങ്ങൾ കണ്ടെത്തിയതാണ്," എന്നായിരുന്നു മറുപടി. ആ മനോഭാവമാണ് എനിക്ക് പ്രചോദനം.

ന്യൂയോർക്ക് സിറ്റിയിലെ പരിസ്ഥിതി സംരക്ഷണ വകുപ്പിൽ 30 വർഷം ശാസ്ത്രജ്ഞയായി ജോലി ചെയ്ത അനുഭവം എന്നെ പഠിപ്പിച്ചത് ഇതാണ് ഓരോ പരാജയവും ഒരു പാഠമാണ്, ഓരോ ശ്രമവും വിജയത്തിലേക്കുള്ള ഒരു അടുക്കൽ. ഞാൻ അഞ്ചു തവണ തോറ്റിട്ടുണ്ടാകാം; പക്ഷേ അത് എന്റെ യാത്രയിലെ അഞ്ചു പഠനങ്ങളാണ്. സത്യം ഒടുവിൽ തെളിയും. ശാസ്ത്രത്തിൽ പോലെ ജീവിതത്തിലും സ്ഥിരതയും സത്യനിഷ്ഠയും ഒടുവിൽ വിജയിക്കും എന്ന വിശ്വാസത്തിലാണ് ഞാൻ മുന്നോട്ട് പോകുന്നത്.

***ഫൊക്കാനയിൽ താങ്കൾ ചെയ്ത പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?***

2006-08 കാലഘട്ടത്തിൽ റീജിയണൽ വൈസ് പ്രസിഡന്റായി മാൻഹട്ടൻ ഇന്ത്യാ പരേഡിൽ ഫൊക്കാനയുടെ ആദ്യ ഫ്ലോട്ട് അവതരിപ്പിച്ചു. ഇന്ത്യൻ കോൺസുലേറ്റിൽ 50-ാം കേരളപ്പിറവി ആഘോഷം സംഘടിപ്പിച്ചു അതിന് മുമ്പും പിന്നെയും ആരും അത് ചെയ്തിട്ടില്ല.

* ഫ്രൈണ്ടസിംഗ് വഴി നാട്ടിൽ എട്ട് വീടുകൾ നിർമ്മിച്ചു നൽകി.

* യുവജനങ്ങൾക്കായി യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

* ട്രഷററായിരിക്കെ ആൽബനി കൺവെൻഷൻ കടമില്ലാതെ നടത്തി.

* മോഹൻലാൽ ഷോ വഴി ഫ്രൈണ്ടസിംഗ് സംഘടിപ്പിച്ചു.

* വനിതാ ഫോറത്തിന്റെ ആദ്യ ചെയർ ആയി വനിതാ ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു.

ഞാൻ ഫൊക്കാനയുടെ പേര് പൊതുസമൂഹത്തിലേക്ക് ഉയർത്തിയ ഒരാളാണ്.

***പ്രൊഫഷണൽ ജീവിതം?***

നാട്ടിൽ കെമിസ്ട്രി പ്രൊഫസറായിരുന്നു. ന്യൂയോർക്ക് സിറ്റിയിലെത്തി, ഇവിടെ ഡിപ്പാർട്മെന്റ് ഓഫ് എൻവയോൺമെന്റൽ പ്രൊട്ടക്ഷനിൽ 30 വർഷം സയന്റിസ്റ്റായി ജോലി ചെയ്ത ശേഷമാണ് വിരമിച്ചത്. TC-37 യൂണിയന്റെ പ്രൊഫഷണൽ വിഭാഗത്തിന്റെ റെക്കോർഡിങ് സെക്രട്ടറിയായി 20 വർഷം ഇലക്ഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ടു. ഹിലരി ക്ലിന്റൺ, ഒബാമ തുടങ്ങിയവർ യൂണിയൻ മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ട്. മുഖ്യധാര രാഷ്ട്രീയവുമായി നേരിട്ട് ഇടപഴകാൻ അവസരം ലഭിച്ചു. ഞാൻ ഡെമോക്രാറ്റിക് പാർട്ടി അംഗമാണ്.




***കോൺസുലേറ്റുമായി താങ്കളുടെ ബന്ധം ഏറെ പരാമർശിക്കപ്പെടുന്നു. എന്താണ് പ്രത്യേകത?***

ഞാൻ ഫൊക്കാന പ്രസിഡന്റല്ലാഞ്ഞിട്ടുപോലും വർഷങ്ങളായി കോൺസുലേറ്റുമായി ബന്ധം നിലനിർത്തുന്ന ആളാണ്. പാസ്പോർട്ട്, ഒസിഐ, വിസ പ്രശ്നങ്ങളിൽ നൂറുകണക്കിന് ആളുകൾക്ക് സഹായം ചെയ്തു.

ഫൊക്കാനയുടെ പ്രസി

ഡന്റായിരുന്ന വ്യക്തി നിരാലംബരായ അമേരിക്കൻ മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ പതിനായിരം ഡോളർ വകയിരുത്തുമെന്ന് പൊതുവേദിയിൽ പ്രഖ്യാപിച്ചിരുന്നു. പക്ഷെ, ഞാൻ 2024ൽ ന്യൂയോർക്കിൽ ആരുമില്ലാതെ മരിച്ച മലയാളിയുടെ മൃതദേഹം നാട്ടിലേക്ക് എത്തിക്കാൻ സഹായം അഭ്യർത്ഥിച്ചു വിളിച്ചപ്പോൾ കൺവൻഷന് പണച്ചിലവുള്ളതുകൊണ്ട് സാധിക്കില്ലെന്ന് പറഞ്ഞ് അദ്ദേഹം കയ്യൊഴിഞ്ഞു. തുടർന്ന് ഞാൻ തന്നെ മുന്നിട്ടിറങ്ങി, കോൺസുലേറ്റുമായി ബന്ധപ്പെട്ട് പോസ്റ്റ്മോർട്ടം മുതൽ നാട്ടിലേക്കുള്ള യാത്ര വരെ ക്രമീകരിച്ചു. അത് മനുഷ്യസേവനമായിരുന്നു പ്രചാരണമല്ല.

**പൊതുപ്രവർത്തനം എന്റെ രക്തത്തിലുള്ളതാണ്. ഡബിൾ എം.എ ബിരുദധാരിയും ബോംബെയിലെ സെന്റ് സേവ്യേഴ്സ് കോളേജിൽ പഠിച്ച വ്യക്തിയുമാണ് എന്റെ പിതാവ്. 72 വർഷം പഴക്കമുള്ള നാഷണൽ ട്യൂട്ടോറിയൽ കോളേജ് സ്ഥാപിച്ച അദ്ദേഹമാണ് കെ.എസ്.യു ആരംഭിച്ചത്. വയലാർ രവിയോടൊപ്പം നാഷണൽ കോളേജിൽ ആദ്യ കെ.എസ്.യു യോഗം നടന്നത് എന്റെ വീട്ടിലാണ് എന്നുള്ളത് ചരിത്രമാണ്.**

### *കുടുംബപശ്ചാത്തലം താങ്കളുടെ ആത്മവിശ്വാസത്തിന് കാരണമാണോ?*

തീർച്ചയായും. പൊതുപ്രവർത്തനം എന്റെ രക്തത്തിലുള്ളതാണ്.ഡബിൾ എം.എ ബിരുദധാരിയും ബോംബെയിലെ സെന്റ് സേവ്യേഴ്സ് കോളേജിൽ പഠിച്ച വ്യക്തിയുമാണ് എന്റെ പിതാവ്. 72 വർഷം പഴക്കമുള്ള നാഷണൽ ട്യൂട്ടോറിയൽ കോളേജ് സ്ഥാപിച്ച അദ്ദേഹമാണ് കെ.എസ്.യു ആരംഭിച്ചത്. വയലാർ രവിയോടൊപ്പം നാഷണൽ കോളേജിൽ ആദ്യ കെ.എസ്.യു യോഗം നടന്നത് എന്റെ വീട്ടിലാണ് എന്നുള്ളത് ചരിത്രമാണ്. മദ്രാസിൽ നിന്ന് ബി.എ, ബി.എൽ എടുത്ത പ്രമുഖ ക്രിമിനൽ അഭിഭാഷകനായിരുന്നു മുത്തച്ഛൻ. എനിക്കിപ്പോൾ 72 വയസ്സായി. പിതാവിനും അതിനും മുൻപുള്ള തലമുറയ്ക്കും അത്തരത്തിൽ വിദ്യാഭ്യാസ-രാഷ്ട്രീയ പാരമ്പര്യം അവകാശപ്പെടാൻ ഫൊക്കാനയിൽ മറ്റൊരാളുണ്ടോ?

### *കോൺഗ്രസുമായുള്ള ബന്ധം?*

ഞാൻ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു. ഫൊക്കാനയ്ക്ക് വേണ്ടി അത് രാജിവെച്ചു. എന്റെ വിവാഹത്തിന് ഇന്ദിരാഗാന്ധിയുടെ കത്ത് ലഭിച്ചിട്ടുണ്ട്. കരുണാകരൻ കുടുംബവുമായി അടുത്ത ബന്ധമുണ്ട്. കോൺഗ്രസ് പശ്ചാത്തലം എനിക്ക് അഭിമാനമാണ്.













***ഈ തവണത്തെ തെരഞ്ഞെടുപ്പിൽ പ്രധാന മുൻഗണനകൾ എന്തൊക്കെയാണ്?***

യൂത്ത് എംപവർമെന്റ്: മുഖ്യധാര രാഷ്ട്രീയവുമായി യുവാക്കളെ ബന്ധിപ്പിക്കുന്ന സെമിനാറുകൾ.

വിമൻസ് ലീഡർഷിപ്പ്: വനിതകൾക്ക് നേതൃത്വ പരിശീലനം, ആരോഗ്യ സെമിനാറുകൾ.

ഹൗസിംഗ് പ്രോജക്ട് പൂർത്തീകരണം.

ഫൊക്കാന ഹെൽത്ത് ക്ലിനിക് വിപുലീകരണം ന്യൂയോർക്ക് ഉൾപ്പെടെ കൂടുതൽ നഗരങ്ങളിൽ.

***താങ്കൾക്കെതിരെ ഉയരുന്ന വിമർശനങ്ങൾക്ക് എന്താണ് മറുപടി?***

മത്സരിക്കില്ലെന്ന് പറഞ്ഞിട്ട് വീണ്ടും മത്സരിക്കുന്നു എന്ന വിമർശനം ഉണ്ട്. എന്നാൽ സപ്പോർട്ട് ഇല്ലാതെ നിൽക്കാൻ കഴിയില്ല എന്നാണ് ഞാൻ ഉദ്ദേശിച്ചത്. നാലുവട്ടം തോറ്റതുകൊണ്ട് മികച്ചൊരു പാനൽ രൂപീകരിക്കാൻ സാധിക്കുമോ എന്ന ആശങ്കയാണ് പിന്നോട്ടുവലിച്ചത്. എന്നാൽ, എന്നെപ്പോലും ഞെട്ടിച്ചുകൊണ്ട് ശക്തമായ പിന്തുണ ലഭിച്ചു. പാനലിൽ പരിചയസമ്പന്നരും യുവജനങ്ങളും വനിതകളും ഉണ്ട്. അത് ഒരു മനോഭാവ മാറ്റത്തിന്റെ സൂചനയായി തോന്നി. 2006-ൽ എന്റെ പാനലിലെ 39 പേരും തോറ്റപ്പോൾ ഞാൻ മാത്രം ജയിച്ചു. അതൊരു വാശിയേറിയ തെരഞ്ഞെടുപ്പായിരുന്നു. അന്ന് 'ഫൊക്കാനയുടെ ഝാൻസി റാണി' എന്നുപറഞ്ഞ് ആളുകൾ പൊക്കിയെടുത്തത് ഓർമ്മയിൽ വന്നു. സംഘടനയുടെ സ്ഥാപകനേതാവ് ഡോ. അനിരുദ്ധനെ പോലെയുള്ളവർ ഞാൻ പ്രസിഡന്റാ









കണമെന്ന് അന്നേ പറഞ്ഞതാണ്. അന്ന് അവസരം ലഭിച്ചിട്ടും വേണ്ടെന്നുവച്ചു. ഇന്ന് സാഹചര്യം ഒത്തിണങ്ങി വന്നപ്പോൾ ഞാനെന്തിന് മറ്റുള്ളവരുടെ വിമർശനത്തെ ഭയന്ന് മാറിനിൽക്കണം?

***കുടുംബപിന്തുണ എത്രത്തോളം നിർണായകമായി കരുതുന്നു ?***

ഭർത്താവ് രാജൻ മാരേട്ട് ആയിരുന്നു പൊതുജീവിതത്തിലെ ഏറ്റവും വലിയ പിന്തുണ. ജീവിച്ചിരിപ്പില്ലെങ്കിലും ആ സാന്നിധ്യം ഇപ്പോഴും അനുഭവിച്ചറിയുന്നുണ്ട്. മകൻ രാജീവ് ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയുടെ വൈസ് പ്രസിഡന്റാണ് 'അമ്മ ജയിക്കണം'' എന്ന ആത്മാർത്ഥ പിന്തുണയോടെ കൂടെയുണ്ട്. മകൾ രജനി അനസ്തീഷ്യോളജിസ്റ്റാണ്. നാല് കൊച്ചുമക്കൾ. അവർ നൽകുന്ന സ്നേഹമാണ് എന്റെ ആത്മവിശ്വാസം.



***ഫൊക്കാന അംഗങ്ങളോട് എന്താണ് പറയാനുള്ളത്?***

പദവിക്കായി ഓടുന്ന ഒരാളല്ല ഞാൻ. ഫൊക്കാനയ്ക്കുവേണ്ടി ചോരയും നീരും കൊടുത്തതിൽ ഓരോ നിമിഷവും അഭിമാനിക്കുന്നു. തോറ്റാലും വിട്ടുപോകാത്ത പ്രതിബദ്ധതയാണ് എന്റെ അടയാളം. ഈ തവണ അവസരം നൽകിയാൽ സംഘടനയുടെ വിശ്വാസം തിരിച്ചുപിടിക്കുന്ന പ്രസിഡന്റാവാൻ ഞാൻ തയ്യാറാണ്.

***സഹതാപ തരംഗം കൊണ്ട് ഇക്കുറി താങ്കൾക്ക് മേൽകൈ ലഭിക്കുമെന്ന് കേൾക്കുന്നുണ്ടല്ലോ?***

സഹതാപ തരംഗം എന്നത് ഇലക്ഷനിൽ പുതുമയുള്ള കാര്യമല്ല. ജനവിധി തേടുമ്പോൾ പലർക്കും അത് അനുകൂലമാകാറുണ്ട്. എന്റെ കാര്യത്തിൽ ഇത് ആരുടെയെങ്കിലും മരണംകൊണ്ടുണ്ടായ സിമ്പതി അല്ല. എന്റെ ഭാഗത്തെ ന്യായം തിരിച്ചറിഞ്ഞാണ് ആളുകൾ എനിക്ക് വോട്ട് ചെയ്യാൻ തീരുമാനിക്കുന്നത്. നീതി നിഷേധിക്കപ്പെട്ട ഒരു സ്ത്രീയോടുള്ള സഹതാപം ലഭിക്കുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്. എനിക്ക് എതിരെ നിന്ന് ജയിച്ചവരുടെ പ്രവർത്തനശൈലി കണ്ട വോട്ടർമാർക്ക് അവരെക്കാൾ കഴിവുള്ള സ്ഥാനാർത്ഥി ലീല ആയിരുന്നല്ലോ എന്ന തിരിച്ചറിവ് ഉണ്ടായിട്ടുണ്ടെന്നും ഞാൻ മനസിലാക്കുന്നു. അക്കാര്യത്തിൽ എതിരാളികളോട് നന്ദിയുണ്ട്.






AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal

# ഇന്ത്യാ പ്രസ് ക്ലബ് ഹ്യൂസ്റ്റൺ ചാപ്റ്ററിനു 'ടിസാക്'ൻറെ ആദരം



**അനിൽ ആറന്മുള**

ഹ്യൂസ്റ്റൺ: ഇന്ത്യാ പ്രസ് ക്ലബ് ഹ്യൂസ്റ്റൺ ചാപ്റ്ററിന് സ്നേഹ വിരുന്നൊരുക്കി ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ് (ടിസാക് ) ആദരിച്ചു. കഴിഞ്ഞ നാലു വർഷ ങ്ങളായി അമേരിക്കയിൽ അഭൂത പൂർവമായ നേട്ടങ്ങൾ കൈവരിച്ച ടിസാക് അവഗണിക്കാനാവാത്ത ശക്തിയായി മാറിയിരിക്കുകയാണ്. ഇതിനോടകം അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട മൂന്നു വടംവലി മത്സരങ്ങൾ ടിസാക് ഹ്യൂസ്റ്റനിൽ സംഘടിപ്പിക്കുകയുണ്ടായി. മൂന്നും ചരിത്രവിജയങ്ങളായെന്നു വേണം പറയാൻ. അമേരിക്കൻ സംഘടനാരംഗത്തു സംഘാടക മികവിലും ധനസമാഹരണത്തിലും അദ്വിതീയ സ്ഥാനത്തുനിൽക്കുന്ന ടിസാക്കിന് അവരുടെ സംരംഭങ്ങളിൽ നൽകിയ അകമഴിഞ്ഞ പിന്തുണക്കാണ് ഐ പി സി എൻ എ ഹ്യൂസ്റ്റൺ ചാപ്റ്ററിനെ ആദരിക്കാൻ അവർ മുൻപോട്ടു വന്നത്.

സ്റ്റാഫോർഡിലെ മസാല ഹട്ട് റെസ്റ്റോറന്റിൽ വിളിച്ചു ചേർത്ത വിരുന്നു സൽക്കാരത്തിലാണ് ഐ പി സി എൻ എ അംഗങ്ങളെ ആദരിച്ചത്. മാഗ് കഴിഞ്ഞാൽ ഹൂസ്റ്റണിലെ ഏറ്റവും ശക്തമായ രണ്ടു സംഘടനകളാണ് ടിസാക്കും ഐ പി സി എൻ എ യും എന്നത് കൊണ്ട് രണ്ടു സംഘടനകളും കൈകോർത്തു മുന്നോട്ടു പോകണമെന്ന് തന്റെ സ്വാഗത പ്രസംഗത്തിൽ ടിസാക് പ്രസിഡണ്ട് ഡാനി രാജു പറഞ്ഞു. ഒപ്പം ഐ പി സി എൻ എ യുടെ പിന്തുണക്കു നന്ദിയും അദ്ദേഹം





അറിയിച്ചു. ടിസാക് പി ആർ ഓ സിബു ടോം അംഗങ്ങളെ പരിചയപ്പെടുത്തി.

തുടർന്ന് സംസാരിച്ച ടിസാക് വൈസ് പ്രസിഡണ്ട് മാത്യു ചിറപ്പുറത്ത്, സെക്രട്ടറി മാത്യൂസ് കറുകക്കളം, ട്രെഷറർ റിമൽ തോമസ്, ജോയിന്റ് സെക്രട്ടറി പ്രിൻസ് പോൾ, ഫിലിപ് ചോരത്ത് ജോയിന്റ് ട്രെഷറർ ജോസഫ് കൈതമറ്റത്തിൽ, ഐ പി സി എൻ എ സീനിയർ അംഗങ്ങൾ കൂടിയായ ജിജു കുളങ്ങര, ജോൺ ഡബ്ലിയു വർഗീസ് എന്നിവർ ടിസാക്കിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ വിശദീകരിച്ചു.



2026 ജൂലൈ 25ന് ടിസാക്കിന്റെ നാലാമത്തെ വടംവലി മത്സരം അരങ്ങേറുമെന്നും അവർ അറിയിച്ചു. മൂന്നാം മത്സരം നടന്ന ഫോട്ബെൻഡ് എപിക് സെന്ററിൽ ആയിരിക്കും ഈ ഇൻഡോർ ടൂർണമെന്റ് നടക്കുക. മുൻവർഷങ്ങളിലെ പോലെ ചിക്കാഗോ , ന്യൂയോർക്, ഡാളസ് അറ്റ്ലാന്റ, ന്യൂജേഴ്സി തുടങ്ങിയ അമേരിക്കൻ സിറ്റികളെ കൂടാതെ കാനഡ, ഓസ്ട്രേലിയ, ന്യൂസിലാന്റ്, കുവൈറ്റ്, യൂ കെ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ടീമുകൾ പങ്കെടുക്കും. മൂന്നാം ടൂർണമെന്റ് കാണാനെത്തിയ ജനങ്ങൾക്ക് സൗജന്യ പ്രവേശനവും ആഹാരം വെള്ളം തുടങ്ങി എല്ലാം ഫ്രീ ആയിരുന്നെങ്കിൽ വരുന്ന ട്യൂർണമെന്റുകളിൽ അതിനു കഴിയില്ലെന്ന് പ്രസിഡന്റ് ഡാനി പറഞ്ഞു. ചെലവ് ഇരട്ടിയോളം ആയതാണ് പ്രശ്നം. മൂന്നാം ട്യൂർണമെന്റിനു രണ്ടു ലക്ഷം ഡോളറാണ് ചിലവായത്.

ടിസാക്കിന്റെ വരുമാനത്തിൽ നിന്നും കേരളത്തിലെ കുറെ കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാനും രോഗികളുടെ ചികിത്സാ സഹായത്തിനും ഉപകരിച്ചു. അടുത്ത ലക്ഷ്യം നിർധനരായവർക്കു പത്തു വീടുകൾ വച്ചു നൽകുക എന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യാ പ്രസ് ക്ലബ് ചാപ്റ്റർ പ്രസിഡണ്ട് ഫിന്നി രാജു, നാഷണൽ ജനറൽ സെക്രട്ടറി അനിൽ ആറന്മുള, ചാപ്റ്റർ സെക്രട്ടറി ജീമോൻ റാന്നി, വൈസ് പ്രസിഡണ്ട് മോട്ടി മാത്യു, ജോയിന്റ് സെക്രട്ടറി റെയ്ന റോക്ക്, സജി പുല്ലാട്, നേർകാഴ്ച ചീഫ് എഡിറ്റർ സൈമൺ വാളച്ചേരിൽ, ജോയ് തുമ്പമൺ, ജിജു കുളങ്ങര, ജോൺ വർഗീസ്, ജോർജ് പോൾ, അജു വരിക്കാട് മിഖായേൽ ജോയ് എന്നിവരും ടിസാക്കിന്റെ ആദരത്തിനു നന്ദി പറഞ്ഞു.


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
NRS PAY
nrspay.com
FREE Credit Card Reader
NO Long-Term Contracts
NO Hidden Fees
NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.


# ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (L.A.N.A.)യുടെ ഹ്യൂസ്റ്റൻ സമ്മേളനം ശ്രദ്ധേയമായി




എ.സി.ജോർജ്

ഹ്യൂസ്റ്റൻ: ഡാളസിൽ നിന്നെത്തിയ ലാനാ പ്രവർത്തകർക്ക് ഹ്യൂസ്റ്റനിലെ മിസോറി സിറ്റിയിലുള്ള ഇന്ത്യ ഗേറ്റ് റെസ്റ്റോറണ്ടു ഹാളിൽ ചേർന്ന യോഗത്തിൽ വച്ച് സമുചിതമായ സ്വീകരണം നൽകി. ആരോഗ്യകാരണങ്ങളാൽ വിശ്രമ ജീവിതം നയിക്കുന്ന, ലാനയുടെ മുൻ ഭാരവാഹിയും, പ്രസിദ്ധ അമേരിക്കൻ മലയാള ഭാഷാ സാഹിത്യകാരനുമായ ജോർജ് മണ്ണികരോട്ടിനെ, സന്ദർശിച്ച് ആദരമർപ്പിക്കാൻ എത്തിയവരായിരുന്നു അവർ.

മുൻ ലാനാ പ്രസിഡൻറ്. ജോൺ മാത്യു അധ്യക്ഷത വഹിച്ച യോഗം ഇപ്പോഴത്തെ ലാനാ പ്രസിഡൻറ് സാമുവൽ യോഹന്നാൻ ഉദ്ഘാടനം ചെയ്തു. എ.സി.ജോർജ് സ്വാഗത പ്രസംഗം നടത്തി, സന്നിഹിതരായവരെ പരിചയപ്പെടുത്തി. ഹ്യൂസ്റ്റനിലെ ഒരു പറ്റം മലയാളം സൊസൈറ്റി പ്രവർത്തകരും, കേരള റൈറ്റേ



ഴ്സ് ഫോറം, പ്രവർത്തകരും, മറ്റ് ഭാഷാ സ്നേഹികളും യോഗത്തിൽ പങ്കെടുത്തു.

ലാനാ പ്രസിഡൻറ് സാമുവൽ യോഹന്നാൻ ഉൽഘാടന പ്രസംഗത്തിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും നിലനിൽപ്പിനും ഉന്നതിക്കും വളർച്ചയ്ക്കും ലാനാ ചെയ്തുവരുന്ന പദ്ധതികളെയും സേവനങ്ങളെയും ഹ്രസ്വമായി വിവരിച്ചു.

ഉഷ നായർ, ടി.എൻ.സാമുവൽ എന്നിവർ കവിതകൾ ചൊല്ലി. ഡോക്ടർ ജോസഫ് പൊന്നോലി സാഹിത്യകാരനായ ജോർജ് മണ്ണിക്കരോട്ട് എഴുതിയ വിവിധ സാഹിത്യകൃതികളെ പറ്റി, പ്രത്യേകിച്ച്, അമേരിക്കയിലെ ആധുനിക മലയാള സാഹിത്യ ചരിത്രം എന്ന ഗ്രന്ഥത്തെ ആധാരമാക്കി പ്രബന്ധം അവതരിപ്പിച്ചു.

ഡാളസിൽ നിന്നു എത്തിയ ബാജി ഓടംവേലി, ഷാജു ജോൺ എന്നിവർ ഡാലസിലെ കേരള ലിറ്ററി സൊസൈറ്റിയുടെ (ഗ.ഘ.ട.) പ്രവർത്തനങ്ങളെ ആസ്പദമാക്കി സംസാരിച്ചു. ജോർജ് പുത്തൻകുരിശ്, പൊന്നുപ്പിള്ള, തുടങ്ങിയവർ മലയാളം സൊസൈറ്റിയിലെ പ്രതിമാസ യോഗങ്ങളിലേക്ക് സന്നിഹിതരായ എല്ലാ സാഹിത്യഭാഷാ സ്നേഹികളെയും സ്വാഗതം ചെയ്തുകൊണ്ട് സംസാരിച്ചു. ഹൂസ്റ്റൻ വോയിസ് ടിവി പ്രതിനിധി സെന്നി ഉമ്മൻ, നൈനാൻ മാത്തുള്ള, സുരേന്ദ്രൻ നായർ, റോസി സാമുവൽ, രാജേന്ദ്രൻ കൃഷ്ണദാസ്, അലക്സ് കുട്ടി ഡേവിഡ്, അലക്സാണ്ടർ ജേക്കബ്, ജോസഫ് തച്ചാറ തുടങ്ങിയവർ ഭാഷാ സാഹിത്യ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും യോഗത്തിനു ആശംസ അർപ്പിച്ചു. സംസാരിക്കുകയും ചെയ്തു. ജോൺ മാത്യു, എ.സി. ജോർജ്, എന്നിവർ സമീപകാലത്ത് രചിച്ച കൃതികൾ ലാന- ഗഘടട ലൈബ്രറികളിലേക്കായി ഭാരവാഹികളായ സാമുവൽ യോഹന്നാൻ, ബാജി ഓടംവേലി എന്നിവരെ യഥാക്രമം ഏൽപ്പിക്കുകയുണ്ടായി. ഷാജു ജോൺ നടത്തിയ നന്ദി പ്രസംഗത്തോടെ യോഗം പര്യവസാനിച്ചു.













EXIT




Reuben


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ജനകീയ പ്രവർത്തനങ്ങളുടെ അജണ്ടയുമായി ടീം വോയ്സ് ഓഫ് ഫോമാ സാൻഫ്രാൻസിസ്കോയിൽ




ഷാജി രാമപുരം

ന്യൂയോർക്ക്: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ സജീവ സാന്നിധ്യവുമായ വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോർ എപ്പിസ്കോപ്പ പൗരോഹിത്യ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി നിറവിൽ. പുണ്യശ്ലോകനായ ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചിട്ട് ഇന്ന് (മാർച്ച് 14 ശനി) 50 വർഷം തികയുന്നു. സഭയുടെ വിവിധ മേഖലകളിൽ അരനൂറ്റാണ്ടിലേറെ നീണ്ടുനിൽക്കുന്ന സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചത്.

മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ ഇടവാംഗമായ സ്ലീബാ അച്ചൻ 1955 മേയ് 1-ന് ചരിത്രപ്രസിദ്ധമായ കാട്ടുമങ്ങാട്ട് കുടുംബത്തിൽ ജനിച്ചു. 1973 ജൂൺ 6-ന് മഞ്ഞിനിക്കര ദയറായിൽ വെച്ച് പാത്രിയർക്കാ പ്രതിനിധി അഭിവന്ദ്യ മോർ തീമോത്തിയോസ് അഫ്രേം ആബൂദി മെത്രാപ്പോലീത്തയിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു.

വന്ദ്യ അച്ചനോടൊപ്പം അഭിവന്ദ്യരായ ബന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മോർ




ദിവന്നാസിയോസ് മെത്രാപ്പോലീത്ത എന്നിവർ ഉൾപ്പെടെ ആറു പേർ ശെമ്മാശപട്ടം സ്വീകരിച്ചിരുന്നു. 1976 മാർച്ച് 14-ന്, തന്റെ 21-ാം വയസ്സിൽ മലേകുരിശ് ദയറായിൽ വെച്ച് ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവയിൽ നിന്നാണ് കശ്ശീശ സ്ഥാനം സ്വീകരിച്ചത്. കടവിൽ ഡോ. മോർ അത്താനാസിയോസ് പൗലോസ് മെത്രാപ്പോലീത്ത ചടങ്ങിൽ സന്നിഹിതനായിരുന്നു.

സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച അദ്ദേഹം 1976-ൽ ഡൽഹി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. തുടർന്ന് ഗുജറാത്തിലെ ഗാന്ധിധാം, അഹമ്മദാബാദ് എന്നിവിടങ്ങളിൽ പള്ളികൾക്ക് തുടക്കം കുറിച്ചു. മസ്കറ്റ്, ചിങ്ങവനം ദയറാ പള്ളി, മാമംഗലം പള്ളി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം നിലവിൽ മുളന്തുരുത്തി പള്ളിയിൽ വികാരിയായി തുടരുന്നു. 1998 മാർച്ച് 20-ന് ദമാസ്കസിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വെച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവയാണ് അദ്ദേഹത്തെ കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തിയത്.

'വിശുദ്ധഭൂമിയിലേക്കുള്ള നല്ല ഇടയൻ' എന്ന പേരിൽ തീർത്ഥാടന യാത്രകളെ ആത്മീയാനുഭവമാക്കിയ സ്ലീബാ അച്ചൻ, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിടയിൽ മൂന്നര ലക്ഷത്തോളം തീർത്ഥാടകരെ വിശുദ്ധനാട്ടിലേക്ക് നയിച്ചിട്ടുണ്ട്. 3,500-ലധികം തീർത്ഥാടന യാത്രകൾക്ക് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ വിശ്വപ്രസിദ്ധമാണ്. 'ചിറകുവിരിച്ച ആകാശയാത്രകൾ' എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ വിദേശയാത്രകളുടെയും സന്ദർശനങ്ങളുടെയും ചരിത്രരേഖയാണ്.

പൗരോഹിത്യ സുവർണ്ണ ജൂബിലി ദിനമായ മാർച്ച് 14 ശനി രാവിലെ 7 മണിക്ക് വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോർ എപ്പിസ്കോപ്പ ഇടവകയായ മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കും.

യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗമായ ജെ.എസ്.സി ന്യൂസിലൂടെ തൽസമയ സംപ്രേഷണം ചെയ്യും.

# ഫോമ: ടീം പ്രോമിസിന് ഡാളസിൽ വൻ വരവേൽപ്പ്


ഡാളസ്, ടെക്സസ്: ഈ വരുന്ന ഫോമാ ഇലെക്ഷനിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന മാത്യു വർഗീസിനും ടീം അംഗങ്ങളായ അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രെഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി) എന്നിവർക്കും ഡാളസ് മലയാളികൾ ഊഷ്മളമായ സ്വീകരണമാണ് നൽകിയത്.

വിശ്വാസ്യത, സത്യസന്ധത, ഉത്തരവാദിത്വം, സുതാര്യത എന്നീവ മുൻനിർത്തി പ്രവർത്തിച്ചു ഫോമയെ ഉന്നത ശ്രേണികളിൽ എത്തിക്കും എന്ന ദൃഢപ്രതിജ്ഞയുമായി പ്രവർത്തിക്കുന്ന ടീം പ്രോമിസിന് ഡാളസ് മലയാളികളുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചയ്തു. പ്രത്യേകിച്ചും ഡാളസിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറ സാന്നിധ്യമായ ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി രേഷ്മ രഞ്ജൻ ടീം പ്രോമിസിൻറെ ഭാഗമാകുക കൂടിയായപ്പോൾ അത് പൂർവ്വാധികം ശക്തമായി.

ഫോമാ റീജിയണൽ വൈസ് പ്രസിഡണ്ട് ബിജു ലോസൻ, ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ്, ട്രെഷറർ സൈജു അത്തിക്കളം, ബോർഡ് ചെയർമാൻ ഡെക്സ്റ്റർ, കമ്മറ്റി അംഗങ്ങളായ ജ്യോതി അമൃത, ബിനു കാലുംകൽ, നോർത്ത് ടെക്സാസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ഷാജി ആലപ്പാട്ട്, സെക്രട്ടറി ലിൻഡ സുനി, ട്രെഷറർ വിനോദ് കൊണ്ടൂർ, ജോയിന്റ് സെക്രട്ടറി ഷെല്ലി തോമസ്, ജോയിന്റ് ട്രെഷറർ മധു ജോസഫ്, കൾച്ചറൽ-ആർട്ട് സെക്രട്ടറി അബിൻ റോയ്, കമ്മിറ്റി മെമ്പർ അബീഷ് ആൻഡ്രൂസ് എന്നിവർ സ്വീകരണ യോഗത്തിൽ ആശംസകളർപ്പിച്ചു.



# ഉമ്മൻ ചാണ്ടിയില്ലാത്ത നിയമസഭാ തെരഞ്ഞെടുപ്പ്: കോൺഗ്രസ് നേരിടുന്ന ശൂന്യതയും വെല്ലുവിളികളും



ജിനു കുര്യൻ പാമ്പാടി

കേരള രാഷ്ട്രീയത്തിന്റെ ദൈർഘ്യമേറിയ യാത്രയിൽ ഒരു നിർണായക വഴിത്തിരിവാണ് ഈ നിയമസഭാ തെരഞ്ഞെടുപ്പ്. അരനൂറ്റാണ്ടിലേറെക്കാലം ജനങ്ങളോടൊപ്പമുണ്ടായിരുന്ന, പ്രതിസന്ധികളിൽ പാർട്ടിയെ കൈപടിച്ചുയർത്തിയ ഉമ്മൻ ചാണ്ടിയില്ലാത്ത തെരഞ്ഞെടുപ്പ് എന്ന നിലയിൽ ഇത് ഒരു സാധാരണ രാഷ്ട്രീയ സംഭവമല്ല. ഒരു കാലഘട്ടത്തിന്റെ തുടർച്ചയെയും മാറ്റത്തെയും ഒരുമിച്ച് പ്രതിഫലിപ്പിക്കുന്ന ഘട്ടമാണ്.

കോൺഗ്രസിന്റെ ആഭ്യന്തര ഘടനയും പ്രവർത്തനരീതിയും മനസ്സിലാക്കുന്നവർക്ക് ഉമ്മൻ ചാണ്ടിയുടെ അഭാവം ഏറ്റവും ശക്തമായി പ്രകടമാകുന്നത് സ്ഥാനാർത്ഥി നിർണയത്തിലാണ്. കേരളത്തിൽ കോൺഗ്രസിന് പ്രത്യേകതയുള്ള ഒരു സവിശേഷതയാണ് സഭാ നേതൃത്വങ്ങളു

ടെയും സമുദായ സംഘടനകളുടെയും സ്വാധീനം. പലപ്പോഴും വ്യത്യസ്ത വിഭാഗങ്ങളിൽ നിന്ന് വരുന്ന ശുപാർശകളും സമ്മർദ്ദങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുക എന്നത് വലിയൊരു രാഷ്ട്രീയ കല തന്നെയാണ്.

ഈ സാഹചര്യങ്ങളിൽ, ആരെയും പിണക്കാതെ, എല്ലാവരെയും കേട്ടറിഞ്ഞ്, ഒരു ഒത്തുതീർപ്പിലേക്കെത്തിക്കുന്ന അതുല്യമായ കഴിവ് ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്നു. ഒരു പ്രശ്നം ഉയർന്നാൽ മണിക്കൂറുകൾക്കുള്ളിൽ തന്നെ പരിഹാരം കാണുകയും, നേതാക്കളും പ്രവർത്തകരും തമ്മിലുള്ള വിശ്വാസം നിലനിർത്തുകയും ചെയ്തിരുന്നു. ഇന്നത്തെ കോൺഗ്രസിൽ അത്തരത്തിലുള്ള സമന്വയശേഷിയുള്ള നേതാവിന്റെ അഭാവം വ്യക്തമായി പ്രകടമാണ്.

ജനസമ്പർക്കത്തിന്റെ രാഷ്ട്രീയം: ഒരു മാതൃക

ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ ജീവിതത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു സംരംഭമാണ് ''ജനസമ്പർക്ക പരിപാടി''. മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ആരംഭിച്ച ഈ പദ്ധതി സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കുന്നതിനും അതിന് തത്സമയം പരിഹാരം കാണുന്നതിനുമായി രൂപപ്പെടുത്തിയതായിരുന്നു. ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ഈ പരിപാടികളിൽ, മണിക്കൂറുകളോളം ഇരുന്ന് ഓരോരുത്തരുടെയും പ്രശ്നങ്ങൾ കേട്ട് ഉടൻ തന്നെ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്ന അദ്ദേഹത്തിന്റെ ശൈലി ഭരണത്തിന്റെ മനുഷ്യസൗഹൃദ മുഖം തെളിയിച്ചു.

പലർക്കും സർക്കാർ ഓഫീസുകളുടെ വാതിലുകൾ അടഞ്ഞിരുന്ന സമയത്ത്, ഉമ്മൻ ചാണ്ടിയുടെ മുന്നിൽ അവരുടെ പ്രശ്നങ്ങൾക്ക് തുറന്ന വാതിലായിരുന്നു. അതുകൊണ്ടാണ് ''ജനങ്ങളുടെ മുഖ്യമന്ത്രി'' എന്ന വിശേഷണം അദ്ദേഹത്തിന് ലഭിച്ചത്.

പ്രതിസന്ധിക്കാലങ്ങളിൽ നേതൃത്വത്തിന്റെ കരുത്ത്

കോൺഗ്രസ് പാർട്ടി പലപ്പോഴും ആഭ്യന്തര പ്രതിസന്ധികളിൽ അകപ്പെട്ടപ്പോൾ, അവയെ ഒത്തുതീർക്കാനും പ്രവർത്തകരെ ഏകോപിപ്പിക്കാനും മുന്നിൽ നിന്ന നേതാവായിരുന്നു ഉമ്മൻ ചാണ്ടി. യു.ഡി.എഫ് സർക്കാരിന്റെ കാലഘട്ടങ്ങളിൽ ഉണ്ടായ രാഷ്ട്രീയ വെല്ലുവിളികളിൽ, സഖ്യകക്ഷികളുമായി ചർച്ച നടത്തി ഏകോപനം ഉറപ്പാക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിർണായകമായിരുന്നു.

2011-ലെ തെരഞ്ഞെടുപ്പിന് ശേഷം വളരെ ചെറിയ ഭൂരിപക്ഷത്തിൽ സർക്കാർ രൂപീകരിക്കേണ്ടി വന്ന സാഹചര്യത്തിലും, സർക്കാർ സ്ഥിരതയോടെ മുന്നോട്ട് പോകാൻ അദ്ദേഹത്തിന്റെ രാഷ്ട്രീയ പരിചയവും സഹിഷ്ണുതയും സഹായിച്ചു. ചെറിയ വിഷയങ്ങൾ പോലും വലിയ പ്രതിസന്ധിയാകാതിരിക്കാൻ ഇടപെട്ടത് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ പ്രത്യേകതയായിരുന്നു.

1970-ൽ ഒരു യുവ വിദ്യാർത്ഥി നേതാവായി പുതുപ്പള്ളിയിൽ മത്സരിക്കാനെത്തിയ ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ യാത്ര തന്നെ കേരള രാഷ്ട്രീയത്തിലെ ഒരു പ്രചോദനകഥയാണ്. പാർട്ടിക്കുള്ളിൽ പോലും വിജയസാധ്യത കുറവായി കണക്കാക്കിയ മണ്ഡലത്തിൽ നിന്നായിരുന്നു തുടക്കം. ''ജയം പ്രതീക്ഷിക്കേണ്ട'' എന്ന വിലയിരുത്തലുകളെ തകർത്തുകൊണ്ട്, ഏഴായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിൽ അദ്ദേഹം നേടിയ വിജയം ചരിത്രമായി.

**കോൺഗ്രസ് സ്ഥാനാർത്ഥി നിർണയ ചർച്ചകൾക്ക് വേണ്ടി ഡൽഹിയിലെത്തിയ സുധാകരൻ കടുത്ത അതൃപ്തിയോടെയാണ് പാർലമെന്റ് സമ്മേളനത്തിൽ പോലും പങ്കെടുക്കാതെ കേരളത്തിലേക്ക് മടങ്ങിയത്. എം.പിമാർ മത്സരിക്കണോ വേണ്ടയോ എന്ന കാര്യത്തിൽ കോൺഗ്രസിൽ തർക്കം നിലനിൽക്കവേയാണ് കെ സുധാകരന്റെ അതൃപ്തി പരസ്യമാക്കിയുള്ള ഈ നടപടി. കെ സുധാകരന് കണ്ണൂർ സീറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ഡി.സി.സി ഓഫീസിന് മുന്നിൽ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു.**

അത് ഒരു തിരഞ്ഞെടുപ്പ് വിജയം മാത്രമല്ല ജനങ്ങളുമായി ഒരു ആത്മബന്ധത്തിന്റെ തുടക്കവുമായിരുന്നു. തുടർന്ന് 12 തവണ തുടർച്ചയായി വിജയിച്ച അദ്ദേഹം, അരനൂറ്റാണ്ടിലേറെക്കാലം പുതുപ്പള്ളിയിൽ തോൽവിയറിയാതെ നിലനിന്നത് ഒരു അപൂർവ രാഷ്ട്രീയ നേട്ടമാണ്.




ഉമ്മൻ ചാണ്ടി പലപ്പോഴും പറഞ്ഞിരുന്നു'അത് എന്റെ വിജയം അല്ല, ജനങ്ങളുടെ തിരഞ്ഞെടുപ്പാണ്.'' ആ വാക്കുകൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ തത്വചിന്തയെ വ്യക്തമാക്കുന്നതാണ്. അധികാരം അല്ല, ബന്ധമാണ് അദ്ദേഹത്തിന്റെ ശക്തി.

വികസന രാഷ്ട്രീയത്തിന്റെ അടയാളങ്ങൾ

മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ ആകർഷണത്തിനും ഉമ്മൻ ചാണ്ടി നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. 'Emerging Kerala" പോലുള്ള പദ്ധതികൾ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിലേക്ക് നയിക്കാൻ ശ്രമിച്ചു. കൂടാതെ, റോഡുകൾ, ഐ.ടി. മേഖല, ടൂറിസം മേഖല എന്നിവയിൽ നിരവധി പദ്ധതികൾ ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

സാധാരണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട ക്ഷേമ പദ്ധതികളും അദ്ദേഹത്തിന്റെ ഭരണകാലത്ത് ശക്തിപ്പെട്ടു.

നേതാവിന്റെ വിടവ്: ഒരു കാലഘട്ടത്തിന്റെ അവസാനവും ശൂന്യതയും

2023 ജൂലൈ 18-ന് ഉമ്മൻ ചാണ്ടി വിടവാങ്ങിയപ്പോൾ, അത് ഒരു നേതാവിന്റെ മരണമാത്രമായിരുന്നില്ലകേരള രാഷ്ട്രീയത്തിലെ ഒരു വലിയ അധ്യായത്തിന്റെ അവസാനമായിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ പാർട്ടിയെ താങ്ങി നിർത്തിയ ഒരു ഉറച്ച നേതാവിനെ കോൺഗ്രസ് നഷ്ടപ്പെട്ടു. ആത്മവിശ്വാസം നഷ്ടപ്പെടുന്ന സമയങ്ങളിൽ പ്രവർത്തകരെ പ്രചോദിപ്പിക്കുകയും, നേതൃത്വത്തെ ഏകോപിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ അഭാവം ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളിൽ കൂടുതൽ ഗൗരവത്തോടെ അനുഭവപ്പെടുന്നു.

ഇന്ന് കോൺഗ്രസ് നേരിടുന്ന വെല്ലുവിളികൾക്ക് പിന്നിൽ ഈ നേതൃത്വ ശൂന്യത ഒരു പ്രധാന ഘടകമായി മാറിയിരിക്കുകയാണ്. പുതിയ തലമുറ നേതാക്കൾ മുന്നോട്ട് വരുമ്പോഴും, ഉമ്മൻ ചാണ്ടി പോലുള്ള ഒരു സമവായ രാഷ്ട്രീയത്തിന്റെ പ്രതീകത്തെ പകരംവയ്ക്കുക എളുപ്പമല്ല.

അതേസമയം, പുതുപ്പള്ളിയുമായുള്ള ആ ബന്ധം അവസാനിച്ചിട്ടില്ല. മകൻ ചാണ്ടി ഉമ്മൻ വഴി ആ പാരമ്പര്യം തുടരുകയാണ്. എന്നാൽ, ഒരു വ്യക്തിയുടെ രാഷ്ട്രീയ പൈതൃകം തുടരുന്നത് ഒരു കുടുംബബന്ധം മാത്രമല്ല അതൊരു ജനവിശ്വാസത്തിന്റെ തുടർച്ച കൂടിയാണ്.

ഒരു രാഷ്ട്രീയ പരീക്ഷണത്തിന്റെ നാഴികക്കല്ല്

ഈ തെരഞ്ഞെടുപ്പ് അതിനാൽ ഒരു സാധാരണ രാഷ്ട്രീയ മത്സരം മാത്രമല്ല. ഉമ്മൻ ചാണ്ടിയുടെ അഭാവത്തിൽ കോൺഗ്രസ് എങ്ങനെ സ്വയം പുനഃസംഘടിപ്പിക്കുന്നു, പുതിയ നേതൃത്വം എങ്ങനെ ഉയർന്നുവരുന്നു, ജനങ്ങളുമായുള്ള ബന്ധം എങ്ങനെ നിലനിർത്തുന്നുഇവയെല്ലാം പരിശോധിക്കുന്ന ഒരു രാഷ്ട്രീയ പരീക്ഷണമാണ് ഇത്.


ഒരു കാലത്ത് പ്രശ്നങ്ങൾ മണിക്കൂറുകൾക്കുള്ളിൽ പരിഹരിച്ച നേതാവിന്റെ അഭാവത്തിൽ, ഇന്ന് കോൺഗ്രസ് നേരിടുന്നത് ദിവസങ്ങളോളം നീളുന്ന ചർച്ചകളും അനിശ്ചിതത്വവുമാണ്. അതാണ് ഈ തെരഞ്ഞെടുപ്പിന്റെ യഥാർത്ഥ പശ്ചാത്തലം.

ഉമ്മൻ ചാണ്ടി ഇല്ലെങ്കിലും, അദ്ദേഹം സൃഷ്ടിച്ച രാഷ്ട്രീയ പാരമ്പര്യം ഇന്നും ജീവിക്കുന്നു. എന്നാൽ ആ പാരമ്പര്യം നിലനിർത്താൻ വേണ്ടിയുള്ള പരീക്ഷണഘട്ടമാണ് ഇപ്പോഴുള്ളത്.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# അന്തരിച്ച സിംസൺ കളത്തറ അനുസ്മരണം





എ.സി. ജോർജ്

സിംസൺ കളത്ര വൈക്കത്ത് ചെമ്പ് എന്ന ഗ്രാമത്തിൽ 12.15.1940ൽ ജനനം, അമേരിക്കയിലെ വൈറ്റ്പ്ലെയിൻസിൽ 03.14.2026ൽ മരണം. ഏതാണ്ട് 85, വയസ്സുവരെ ജീവിച്ചിരുന്ന അദ്ദേഹത്തിൻറെ വേർപാട് സ്വന്തം കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും അമേരിക്കയിലെ മറ്റ് അനവധി മലയാളികളെയും കണ്ണീരിലാഴ്ത്തി. സംഭവബഹുലമായുള്ള അദ്ദേഹത്തിൻറെ ജീവിതം, പ്രത്യേകിച്ച് ഇവിടത്തെ അനവധി മലയാളികൾക്ക് ഒരു വെളിച്ചവും വഴികാട്ടിയും ആയിരുന്നു. അദ്ദേഹത്തിൻറെ റസ്റ്റോറൻറ് സ്ഥാപനം വഴി അനവധി പേർക്ക് പല ഘട്ടങ്ങളിലായി അദ്ദേഹം തൊഴിൽ നൽകിയിട്ടുണ്ട്.

ദശാബ്ദങ്ങളോളം ഹോട്ടൽ റസ്റ്റോറൻറ് മേഖലയിലൂടെ ഇന്ത്യൻ ഭക്ഷണ സംസ്കാരത്തെ അമേരിക്കൻ സമൂഹത്തിലേക്ക് പരിചയപ്പെടുത്തിയ ഒരു ആദ്യകാല സംരംഭകനായിരുന്നു അദ്ദേഹം. ന്യൂയോർക്കിലെ വെസ്റ്റ്ചെസ്റ്റർ- റോക്ക് ലാൻഡ് ഹോട്ടൽ റസ്റ്റോറൻറ് അസോസിയേഷൻ അദ്ദേഹത്തെ ലൈഫ് ടൈം അചീവമെൻ്റ് അവാർഡ് നൽകി ആദരിക്കുകയുണ്ടായി.

ഇന്ത്യയിലെ വിദേശകാര്യ മന്ത്രാലയത്തിലെ ഒരു ജീവനക്കാരനായി 1968 ൽ സിംസൺ കളത്തറ ന്യൂയോർക്കിൽ എത്തി. അന്നിവിടെ മലയാളികൾ തീരെ കുറവായിരുന്നു. പരിമിതമായി ഉണ്ടായിരുന്ന മലയാളികൾ, അധികപക്ഷവും സ്റ്റുഡൻറ് വിസയിൽ എത്തിയവരായിരുന്നു. അന്ന് അധികം പേരും അമേരിക്കയിൽ എത്തിയിരുന്നത് നീണ്ട കപ്പൽ യാത്രയിലൂടെയാണ്.

സിംസൺ 1972ൽ അമേരിക്കയിലെ ഇന്ത്യൻ സർക്കാർ ജോലി ഉപേക്ഷിച്ച് ന്യൂയോർക്കിൽ വൈറ്റ്പ്ലെയിൻസ് അടുത്തുള്ള റായ്-ഹിൽട്ടൻ ഹോട്ടലിൽ ജോലിക്ക് ചേർന്നു. ജോലിയിൽ ഇരുന്നു കൊണ്ട് തന്നെ ഹോട്ടൽ മാനേജ്മെൻ്റിനെ പറ്റി അദ്ദേഹം പഠിച്ചു. അതിനിടയിൽ ഒരിക്കൽ അദ്ദേഹം വൈറ്റ്പ്ലെയിൻസിൽ ഉള്ള റോയൽ ബംഗാൾ ടൈഗർ എന്ന ഇന്ത്യ റെസ്റ്റോറൻ്റിൽ ഭക്ഷണം കഴിക്കുവാൻ പോയി. ഒരു ബംഗാളിയുടെ ഉടമസ്ഥതയിൽ ആയിരുന്നു അന്ന് ആ റസ്റ്റോറൻറ്. അന്ന് അവിടെ ഉണ്ടായിരുന്നത് ഹോട്ടൽ ഉടമയും ഒരു കുക്കും ഒരു സപ്ലയറും മാത്രമായിരുന്നു. കാര്യമായ

കസ്റ്റമർ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് ഉടമയും സപ്ലൈയറും ചെയറിൽ ചാരികിടന്നു ഉറങ്ങുകയായിരുന്നു. സിംസൺ ആവശ്യപ്പെട്ട ഒരു ഭക്ഷണ ഐറ്റവും അവിടെ ഇല്ലായിരുന്നു. അതിനാൽ എളുപ്പത്തിൽ അല്പം സാമ്പാറും ചോറും അച്ചാറും മാത്രം അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ അതുപോലും അവിടെ ഉടൻ എടുക്കാൻ ഇല്ലായിരുന്നു. അവിടെ ഉണ്ടായിരുന്ന ഹോട്ടൽ മുതലാളി ഉടൻതന്നെ തൊട്ടടുത്ത ഗ്രോസറി കടയിൽ പോയി അല്പം പച്ചരിയും, പച്ചക്കറിയും വാങ്ങി എത്രയും വേഗത്തിൽ ആകാമോ അത്രയും വേഗത്തിൽ തന്നെ സാമ്പാറും ചോറും തയ്യാറാക്കി കൊടുത്തു. അതിനായിട്ട് ഏതാണ്ട് 45 മിനിറ്റോളം സിംസൺ വെയിറ്റ് ചെയ്ത കഥ ഒരു നർമ്മം മാതിരി ഈ ലേഖകനോട് പറഞ്ഞത് ഇന്നും ഓർക്കുന്നു.

പിന്നീട് അദ്ദേഹം ആ ഹോട്ടൽ വാങ്ങി സ്വന്തമാക്കി ബിൽഡിങ്ങിനോടൊപ്പം തന്നെ അനേകം പരിഷ്കാരങ്ങൾ വരുത്തി. ഇന്ത്യൻ പാചകലയിൽ വൈദഗ്ത്യം ഉള്ളവരെ അദ്ദേഹം ഇന്ത്യയിൽ നിന്നും വരുത്തി പുതിയ ബംഗാൾ ടൈഗർ റസ്റ്റോറന്റിൽ ജോലി കൊടുത്തു. നോർത്ത് ഇന്ത്യൻ, സൗത്ത് ഇന്ത്യൻ, വൈവിധ്യമേറിയ ഭക്ഷണ പദാർത്ഥങ്ങൾ ഒരു അമേരിക്കൻ ഫ്ലേവറോടുകൂടി തന്നെ ഹോട്ടലിൽ അദ്ദേഹം ലഭ്യമാക്കി. ചെറുതും വലുതുമായ പാർട്ടി ഹാളുകളും ലഭ്യമായിരുന്നു. വെസ്റ്റ്ചെസ്റ്റർ റോക്‌ലാൻഡ് പ്രാന്ത പ്രദേശങ്ങളിൽ നിന്നും ധാരാളം ഉപഭോക്താക്കൾ എത്തി. വളരെ ക്ലീനും രുചികരവുമായ ബംഗാൾ ടൈഗറിലെ ഭക്ഷണപാനീയങ്ങളെ പറ്റി ന്യൂയോർക്കു ടൈംസ് ഉൾപ്പെടെ റിവ്യൂകൾ പ്രത്യക്ഷപ്പെട്ടു. ഒരിക്കൽ വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിലെ 'ചാപക്വ' എന്ന സ്ഥലത്ത് സ്ഥിരതാമസമാക്കിയ ഫോർമർ അമേരിക്കൻ പ്രസിഡൻറ് ബിൽ ക്ലിൻറനും, പത്നി ഹിലരി ക്ലിന്റനും ആദിത്യമരുളാൻ ബംഗാൾ ടൈഗറിന് ഭാഗ്യമുണ്ടായ വിവരം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതുപോലെ അവരുടെ മകളായ ചെൽസാ ക്ലിന്റൺ പല ആവർത്തി ഇന്ത്യൻ ഫുഡ് പാഴ്സലായി വാങ്ങിപ്പോയ വിവരവും സിംസൺ പറയുകയുണ്ടായി. അന്നവിടെ തുടക്കത്തിൽ ഇന്ത്യൻ ബഫേ ഫുഡിന് 2 ഡോളർ ആയിരുന്നു ചാർജ് ചെയ്തിരുന്നത്. പിന്നീട് 15 ഡോളർ വരെയായി.

ഒരു രജിസ്റ്റേഡ് നേഴ്സായി സേവനമനുഷ്ഠിച്ചിരുന്ന ഭാര്യ റോസമ്മയുടെ മാനേജ്മെന്റിൽ ബംഗാൾ ടൈഗർ റസ്റ്റോറന്റിന് അടുത്ത് തന്നെ ഒരു ഇന്ത്യൻ ഗ്രോസറി സ്റ്റോറും ഉണ്ടായിരുന്നു. റോസമ്മ കുറച്ചു കൊല്ലങ്ങൾക്ക് മുമ്പ് മരണത്തിന് കീഴടങ്ങി.

സ്വന്തം ബിസിനസിന് പുറമേ ഇവിടത്തെ മലയാളികളുടെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ അദ്ദേഹത്തിൻറെ പ്രവർത്തനങ്ങളും സംഭാവനകളും നിരവധിയാണ്. 1985 ആഗസ്റ്റ് 15, ഇന്ത്യൻ സ്വാതന്ത്ര്യദിന ആഘോഷങ്ങളോടൊപ്പം സിംസൺ കളത്തറ ആരംഭം കുറിച്ച 'നാദം' എന്ന മലയാള പത്രം 1997 വരെ വിവിധ അമേരിക്കൻ മലയാളികളുടെ വായനാ മുറികളിൽ എത്തി. നാട്ടിലെയും അമേരിക്കയിലെയും രാഷ്ട്രീയ സാമൂഹ്യ വാർത്ത വിശേഷങ്ങൾ, വിശകലനങ്ങൾ നാദം പത്രത്തിൽ നിന്ന് ലഭ്യമായിരുന്നു. ഈ ലേഖകനും നാദം പത്രം എഡിറ്റോറിയൽ ബോർഡിൽ ഉണ്ടായിരുന്നു. സ്ഥിരമായി അതിൽ എഴുതുകയും ചെയ്തിരുന്നു വൈറ്റ് പ്ലെയിൻസിൽ ആദ്യമായി ഇന്ത്യൻ അമേരിക്കൻ ഫോറം സംഘടിപ്പിച്ച ഇന്ത്യൻ കൾച്ചറൽ റാലിയിൽ അദ്ദേഹത്തിൻറെ സംഭാവനയും, നേതൃത്വവും വളരെ വലുതായിരുന്നു.

അമേരിക്കയിലെ തന്നെ പ്രമുഖമായ മലയാളി അസോസിയേഷനുകളിൽ ഒന്നായ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻറെ ആദ്യത്തെ സംഘാടക സമിതിയിൽ ഒരു അംഗമായിരുന്നു സിംസൺ കളത്തറ. ഒരിക്കൽ യോങ്കേഴ്സിലെ സൂര്യ ഗ്രോസറി ഹാളിൽ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻറെ കമ്മറ്റി യോഗം നടക്കുന്നതിനിടയിൽ, മലയാളത്തിലെ സിനി മെഗാസ്റ്റാർ മമ്മൂട്ടിയെയും കൂട്ടിക്കൊണ്ട് സിംസൺ അവിടെ വന്നത് ഇന്നും ഓർക്കുന്നു. അന്ന് ഞാൻ മലയാളി അസോസിയേഷൻറെ കമ്മിറ്റിയിൽ ഉണ്ട്. കൂടാതെ സംഘടനയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'കേരളദർശനം' മാസികയുടെ മുഖ്യപത്രാധിപരും ചുമതലക്കാരനും ആയിരുന്നു. മൺമറഞ്ഞ പ്രസിദ്ധ സാഹിത്യകാരനായ ജോയൻ കുമരകവും അവരോടൊപ്പം ഉണ്ടായിരുന്നു.

വൈക്കത്തെ, ചെമ്പ് ഗ്രാമത്തിൽ തൊട്ട് അയൽ വീടുകൾ ആയിരുന്നു മമ്മൂട്ടിയുടെ കുടുംബവും സിംസന്റെ കുടുംബവും. മമ്മൂട്ടി അമേരിക്ക സന്ദർശിക്കുമ്പോൾ എല്ലാം സിംസനോടൊപ്പമാണ് മിക്കവാറും കഴിഞ്ഞിരുന്നത്. സിംസന്റെ നിര്യാണത്തിൽ മമ്മൂട്ടിയും ദുഃഖവും അനുശോചനവും രേഖപ്പെടുത്തുകയുണ്ടായി. നാട്ടിൽനിന്ന് എത്തിയിരുന്ന വളരെയധികം സാഹിത്യ സാംസ്കാരിക നേതാക്കളും വൈറ്റ്പ്ലെയിൻസിൽ എത്തിയാൽ സിംസൻ കളത്രയുടെ ആതിഥേയത്വം സ്വീകരിക്കാതിരുന്നിട്ടില്ല. റോച്ചെസ്റ്റർ ഫൊക്കാനാ കൺവെൻഷനിൽ എത്തിയ മൺമറഞ്ഞ മലയാളത്തിന്റെ മഹാനോവലിസ്റ്റു തകഴി ശിവശങ്കരപ്പിള്ളക്ക് വൈറ്റ്പ്ലെയിൻസിൽ ബംഗാൾ ടൈഗർ ഹോട്ടലിൽ സ്വീകരണം ഒരുക്കിയപ്പോൾ ഈ ലേഖകനും പങ്കെടുത്തത് അനുസ്മരിക്കുന്നു.

അദ്ദേഹത്തിൻറെ ബംഗാൾ ടൈഗർ ഹോട്ടൽ ഹാളിൽ ഇന്ത്യക്കാരുടെ, പ്രത്യേകിച്ച് മലയാളികളുടെ സാമൂഹ്യ സംസ്കാര രാഷ്ട്രീയമീറ്റിങ്ങുകൾ, പ്രൈവറ്റ്ഫംഗ്ഷനുകൾ എത്രയെത്ര നടത്തിയിരിക്കുന്നു. മലയാളികളുടെ പ്രസിദ്ധീകരണങ്ങൾക്ക്, മലയാളി പ്രസ്ഥാനങ്ങൾക്ക് അദ്ദേഹം നിരവധി പ്രോത്സാഹനങ്ങളും സംഭാവനകളും നൽകിയിട്ടുള്ളത് ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഈ വേർപാട് ഇവിടത്തെ മലയാളി സമൂഹത്തിന് പ്രത്യേകിച്ച് ന്യൂയോർക്കിലെ മലയാളികൾക്ക് ഒരു തീരാനഷ്ടമാണ്. സിംസൺ കളത്തറയുടെ പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സിംസൺ - റോസമ്മ ദമ്പതികൾക്ക് മൂന്നു മക്കളാണ്. മൂത്തമകൻ മാത്യൂ സിംസൺ, ഭാര്യ ലിൻ സിംസൺ. രണ്ടാമത്തെ മകൻ ജോൺ സിംസൺ, ഭാര്യ അലക്സ് സിംസൺ, മൂന്നാമത്തെ മകൾ, മേരി സിംസൺ, ഭർത്താവ്, ജേസൺ വ്യാൻഡ്. എന്നിവരാണ്.

സിംസൻറെ സഹോദരങ്ങളായി, സൈമൺ കളത്തറ, സ്റ്റാൻലി കളത്തറ, സിരെറ്റ പാറക്കടവിൽ എന്നിവരാണ്.

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# സഫലമാകുന്ന പ്രേഷിത ദൗത്യം

## ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഷംഷാബാദ് രൂപതക്കായി പള്ളി പണിയും



ഭാരതത്തിലെ ഏറ്റവും വലിയ സീറോ മലബാർ രൂപതയായ ഷംഷാബാദ് രൂപതയിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ പള്ളി പണിയാൻ സഹായം എത്തിക്കും.

പതിനേഴു സംസ്ഥാനങ്ങളിലും രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ഏറ്റവും വലിയ രൂപതയാണ് ഷംഷാബാദ്. സാധാരണ മറ്റു രൂപതകൾ വിഭജിച്ചോ കൂട്ടിചേർത്തോ ആണ് പുതിയ രൂപതകൾ സൃഷ്ടിക്കുക. എന്നാൽ, ഇന്ത്യയിൽ സീറോ മലബാർ രൂപതകൾ ഇല്ലാത്ത എല്ലാ പ്രദേശങ്ങളും കൂട്ടി ചേർത്താണ് ഫ്രാൻസിസ് മാർപ്പാപ്പ



2017 ൽ രൂപത പ്രഖ്യാപിച്ചത്. ആയതിനാൽ സ്വന്തമായ പള്ളികളോ, അജപാലന കേന്ദ്രങ്ങളോ ഒന്നും തന്നെ ഷംഷാബാദ് രൂപതക്ക് ഉണ്ടായിരുന്നില്ല. രൂപതയുടെ ആദ്യ ബിഷപ്പായിരുന്ന മാർ റാഫേൽ തട്ടിൽ പിതാവ് സ്വന്തം താമസ സൗകര്യം ഉൾപ്പെടെ കണ്ടെത്തിയാണ് രൂപതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ബിഷപ്പ് ആന്റണി പ്രിൻസ് പാണേങ്ങാടൻ വിശദീകരിക്കുന്നു. സ്വന്തമായ പള്ളികളോ സ്ഥാപനങ്ങളോ ഇല്ലെങ്കിലും ബിഷപ്പിന്റെ കീഴിൽ മൂന്നു റീജിയനുകളിലായി നൂറ്റി അറുപത്തിയഞ്ചിൽ പരം വൈദികർ പ്രേഷിത പ്രവർത്തനം നടത്തുന്നു. കുർബ്ബാനകൾ മിക്കപ്പോഴും ചെറിയ കുടിലുകളുടെ മുറ്റത്തോ പൊതു സ്ഥലങ്ങളിലൊ ആണ് അർപ്പിക്കപ്പെടുന്നത്. എങ്കിലും അവരുടെ വിശ്വാസം വലുതാണെന്നു പ്രിൻസ് പിതാവ് സാക്ഷ്യപ്പെടുത്തുന്നു. വായിക്കാൻ അറിയാത്തവർ പോലും ബൈബിൾ നെഞ്ചോടു ചേർത്ത് പിടിച്ചാണ് കുർബാനയ്ക്കു എത്തുക.





റോക്ക്‌ലാൻഡ് തിരു കുടുംബ ദേവാലയത്തിൽ വാർഷിക ധ്യാനം നടത്താൻ എത്തിയ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലിന്റെ ക്ഷണം സ്വീകരിച്ച് കാത്തലിക് അസോസിയേഷന്റെ കുടുംബ കൂട്ടയ്മയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. കാത്തലിക് അസോസിയേഷന്റെ ഈ വർഷം നടക്കാൻ പോകുന്ന ചാരിറ്റി പ്രവർത്തനങ്ങൾ പ്രസിഡന്റ് ജോസഫ് മാത്യു വിശദീകരിച്ചു. ചങ്ങനാശ്ശേരിയിലെ മേഴ്‌സി ഹോമിന് നാലു ലക്ഷം രൂപയും പുനലൂരിലെ വിളക്കുടി സ്നേഹ തീരത്തിനു രണ്ടു ലക്ഷം രൂപയും കോട്ടയത്തെ നവജീവൻ ട്രസ്റ്റിനു രണ്ടു ലക്ഷം രൂപയും കുറവിലങ്ങാട്ടെ അനുഗ്രഹ അഗതി മന്ദിരത്തിനു ഒരു ലക്ഷം രൂപയുടെയും സഹായം ഏപ്രിൽ 18 ന് നടക്കുന്ന ഈസ്റ്റർ ആഘോഷത്തിൽ വച്ചു സീറോ മലങ്കര ബിഷപ്പ് മാർ സ്റ്റെഫാനോസ് തിരുമേനിക്ക് കൈമാറുമെന്ന് പ്രസിഡന്റ് അറിയിച്ചു. കഴിഞ്ഞ വർഷം നാട്ടിൽ ചെയ്ത ചാരിറ്റി പ്രവർത്തനത്തോടൊപ്പം രണ്ടു വീടുകൾ വച്ചു നൽകാൻ സാധിച്ചതിനെ കുറിച്ച് മുൻ പ്രസിഡന്റ്





റോയ് ആന്റിണി വിശദീകരിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരുടെയും ഏകകണ്ഠമായ നിർദ്ദേശത്താൽ ഷംഷാബാദ് രൂപതക്കായി ഒരു പള്ളി ഈ വർഷം പണിയാൻ സഹായിക്കുമെന്ന് പ്രസിഡന്റ് ഇഞ്ചക്കൽ അറിയിച്ചു. ആദ്യ ഗഡുവായി മൂവായിരത്തി അഞ്ഞൂറ് ഡോളറിന്റെ ചെക്ക് ബിഷപ്പിന് കൈമാറി.

പണ്ട് നമ്മൾ മലയാളം കുർബ്ബാനകൾക്കായി പള്ളികൾ തേടി നടന്നവർ ആയിരുന്നു. പിന്നീട് നമ്മൾ അഗതികൾക്ക് അന്നം നൽകുന്നവരായി. അതും കഴിഞ്ഞ് നമ്മൾ അലംബഹീനർക്ക് വീട് പണിയുന്നവരായി. ഇതാ ഇപ്പോൾ നമ്മൾ പള്ളി പണിയുന്നവരാകുന്നു. ഇത് വലിയ കൃപയും ദൈവാനുഗ്രഹവുമാണ് . തലമുറകളിലൂടെ നമുക്ക് ലഭിച്ച വിശ്വാസത്തെ ബലപ്പെടുത്താനുള്ള അവസരം. മാർ പ്രിൻസ് പിതാവ് പറഞ്ഞതുപോലെ , നമ്മുടെ ജീവിത സാഹചര്യത്തിൽ മുഴുവൻ സമയ സുവിശേഷ പ്രവർത്തനം നടത്താൻ നമുക്ക് കഴിയുന്നില്ലെങ്കിലും അതിന് ആവശ്യമായ സഹായവും പ്രാർത്ഥനയും നൽകുമ്പോൾ നമ്മളും സുവിശേഷ പ്രവർത്തകരായി മാറുന്നു.

ഇന്ത്യാ കാത്തലിക് അസോസിയേഷനെ സംബന്ധിച്ച് ഇതൊരു മഹത്തായ ദിനമെന്നു ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കി പറഞ്ഞു. ചിറമേൽ അച്ചന്റെ ഹംഗർ ഹണ്ട് അറ്റ് ഡോർ പ്രസ്ഥാനത്തിന് ആദ്യമായി ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഒരു ട്രക്ക് വാങ്ങി നൽകിയതിനെ തുടർന്ന് അയർലാൻഡിൽ നിന്നും ഗൾഫിൽ നിന്നും മറ്റു രണ്ടു ട്രക്കുകൾ കൂടി ലഭിച്ചതു പോലെ ഷംഷാബാദ് രൂപതക്കു കൂടുതൽ പള്ളികൾ പണിയാൻ സഹായം ലഭിക്കട്ടെ എന്ന് ആന്റോ വർക്കി ആശംസിച്ചു. ഒരു പള്ളി പണിയാൻ സഹായിക്കുക എന്ന മഹത്തായ കർമ്മത്തിൽ പങ്കാളികളാവാൻ കഴിയുന്നത് അസോസിയേഷന്റെ സകൃതമാണെന്നു മുൻ ചെയർമാനും പ്രസിഡന്റുമായ ലിജോ ജോൺ അഭിപ്രായപ്പെട്ടു. കാത്തലിക് അസോസിയേഷന്റെ പ്രവർത്തന വഴിയിലെ പുണ്യ കർമ്മമാണ് ഇതെന്നും ഇതിനു നേതൃത്വം നൽകുന്ന എക്സിക്യൂട്ടീവിന് എല്ലാ വിധ ആശംസകളും മുൻ പ്രസിഡന്റും ട്രസ്റ്റീ ബോർഡ് മെമ്പറുമായ ജോസ് മലയിൽ അർപ്പിച്ചു. കുർബാനകൾ നടത്താനായി രൂപീകൃതമായ ഈ പ്രസ്ഥാനം ഇന്ന് പള്ളി പണിയുന്നു എന്നത് വലിയ ദൈവ കൃപയാണെന്നു മുൻ പ്രസിഡന്റും ചെയർമാനും ട്രസ്റ്റീ ബോർഡ് മെമ്പറുമായ ഷാജിമോൻ വെട്ടം അഭിപ്രായപ്പെട്ടു.

ട്രഷറർ ജോർജ് തോമസ്, ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ്, കമ്മിറ്റി അംഗങ്ങളായ പ്രിൻസ് ജോസഫ്, ബെൻ മാമ്മൻ, സിസിലി പഴയമ്പള്ളി ഓഡിറ്റർ സ്വപ്ന മലയിൽ മുൻ സെക്രട്ടറി ജോളി ജോസഫ്, ഷാജി ജോസഫ്, റെജി തോമസ്, വിനു വാതപ്പള്ളിൽ ഇമ്മാനുവേൽ ട്രാവൽസ്, സെബാസ്റ്റ്യൻ എബ്രഹാം തോമസ്കുട്ടി സെന്റ് മേരിസ് കൺസ്ട്രക്ഷൻ, ട്രീസ മാർട്ടിനസ്, ത്രേസ്യമ്മ ജോർജ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

ഇതായിരുന്നു ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ദൗത്യം. ഇതിനായി മാത്രമാവും ഈ അസോസിയേഷൻ പിറവിയെടുത്തതു തന്നെ. നമ്മളും സോളമനെ പോലെ അനുഗൃഹീതരായിരിക്കുന്നു. മുൻ പ്രസിഡന്റും ട്രസ്റ്റീ ബോർഡ് മെമ്പറുമായ റോയ് ആന്റണിയും കുടുംബവും ആതിഥേയത്വം വഹിച്ചു.

# ഓൾ കേരളാ ടെന്നീസ് ഗ്രാൻഡ് സ്ലാം മത്സരത്തിന് കൊച്ചി ടെന്നീസ് പ്ലയെർസ് അസോസിയേഷനും ഫൊക്കാനയും കൈകോർക്കുന്നു




**ജോർജി വർഗീസ്**

ഫ്ലോറിഡ : വെറ്ററൻ സർക്യൂട്ട് വിഭാഗത്തിലെ സംസ്ഥാനത്തെ ഏറ്റവും വലിയ ടൂർണമെന്റായ ഞടഇ കൊച്ചി ഗ്രാൻഡ് സ്ലാം 2026, മാർച്ച് 21–22 തീയതികളിൽ എറണാകുളം റീജിയണൽ സ്പോർട്സ് സെന്റർ (RSC)-ലെ ജസ്റ്റിസ് പി ഗോവിന്ദൻ നായർ ഇൻഡോർ ടെന്നീസ് കോംപ്ലക്സിൽ അരങ്ങേറുമ്പോൾ ഫൊക്കാനയും ഇതിൽ ഭാഗവത്താകുന്നു.

വിവിധ തുറകളിലെ പ്രൊഫഷണൽസ് ആയ 120 ലധികം മത്സരാർത്ഥികൾ ഈ ലോകോത്തര മത്സരത്തിൽ മാറ്റുരക്കും. എറണാകുളം ഡിസ്ട്രിക്ട് ടെന്നീസ് അസോസിയേഷനും (EDTA) കേരള വെറ്ററൻസ് ടെന്നീസ് അസോസിയേഷനും (KVTA)കൈകോർക്കുന്ന ഈ മത്സരം. ലഹരിക്കെതിരെ ഒരു അവെയർനെസ് കൂടിയാണ്. “നോ ടു ഡ്രഗ്സ്, യെസ് ടു സ്പോർട്സ് “ആണ് ഈ ഗെയിമിന്റെ തീം. നമ്മുടെ സമൂഹത്തിലും കുട്ടികളിലും ലഹരിക്കെതിരെ പോരാടുകയും കുട്ടികളെ സ്പോർട്സിൽ കൂടുതൽ ഉൾപെടുത്തുകയുമാണ് പ്രധാന ലക്ഷ്യം. ഫൊക്കാന ലഹരിക്കെതിരെ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടന കൂടിയാണ്.

ലോകോത്തര നിലവാരത്തിലുള്ള ഞടഇ ഗ്രാൻഡ് സ്ലാം 2026 ടൂർണമെഡന്റിന്റെ ഭാഗമാവാൻ ഫൊക്കാനക്കു സാധ്യമായതിൽ അതിയായ സന്തോഷമുണ്ടെന്നു ഫൊക്കാനാ പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി പ്രസ്താവിച്ചു.

ഫൊക്കാനയുടെ മുൻ പ്രസിഡന്റ് ജോർജി വർഗീസ് ആണ് ഫോകാനക്കു വേണ്ടി ടൂർണമെന്റ് സ്പോൺസർ ചെയ്തത്.

കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും മത്സാർത്ഥികൾ പങ്കെടുക്കുന്ന ഈ ട്യൂർണമെന്റിൽ ഫൊക്കാനയുടെ പങ്കാളിത്തം പുത്തൻ ഉണർവ് നൽകുന്ന സംരംഭമാണെന്നും ഇക്കാര്യത്തിൽ അതീവ സന്തുഷ്ടരാണെന്നും RSPTA പ്രസിഡന്റ് ഉണ്ണികൃഷ്ണൻ മേനോൻ, സെക്രട്ടറി നിതിൻ ജോർജ്, ട്രഷേറർ തോമസ് കെ. ജേക്കബ് എന്നിവർ വ്യക്തമാക്കി.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ആരോഗ്യമന്ത്രി വീണയുടെയുടെ ആറന്മുളയിൽ സ്ഥിതി പഴയതല്ല;

# അബിനും കുമ്മനവും വാശിയോടെ കളത്തിൽ




**എ.എസ് ശ്രീകുമാർ**

ശബരിമല അയ്യപ്പന്റെ സ്വന്തം ജില്ലയായ പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ പ്രമാദമായ സ്വർണക്കൊള്ളയുടെ ശക്തമായ പ്രചാരണക്കാറ്റ് വീശുന്നുണ്ട്. അതിനാൽത്തന്നെ മണ്ഡലത്തിൽ മൂന്നാം വട്ടവും ജനവിധി തേടുന്ന ആരോഗ്യമന്ത്രി വീണാ ജോർജിന്റെ രാഷ്ട്രീയ ആരോഗ്യം അത്ര പന്തിയില്ല. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കെ.എസ്.യുക്കാർ ആക്രമിച്ചുവെന്ന് പറയപ്പെടുന്നതിന്റെ "കഴുത്തുളുക്ക് അസ്കൃത"യുടെ നാണക്കേട് പൂർണമായും മാറാത്തതിനാലും അബിൻ വർക്കിയെന്ന കോൺഗ്രസിന്റെ യുവരക്തം നേരിട്ട് അങ്കം കുറിച്ചതിനാലും വീണയുടെ ചരിത്രം ഇക്കുറി ആവർത്തിക്കുമോയെന്ന കാര്യത്തിൽ ഉറപ്പ് പറയാനാവില്ല.

കേരള രാഷ്ട്രീയത്തിൽ നിർണായകമായ നിയമസഭ മണ്ഡലങ്ങളിലൊന്നാണ് ആറന്മുള. ഇടതു മുന്നണിയോട് ചായ്‌വുള്ള മണ്ഡലങ്ങളിൽ ഒന്നുകൂടിയാണിത്. ഇത്തവണത്തെ നിയമസഭ തിരഞ്ഞെടുപ്പിലും ചരിത്രം ആവർത്തിക്കുമെന്ന പ്രതീക്ഷയിലാണ് എൽ.ഡി.എഫ്. എന്നാൽ ഇവിടെ ആരെ സ്ഥാനാർഥിയാക്കി നിർത്തുമെന്ന കാര്യത്തിൽ മുന്നണികൾക്കിടയിൽ തുടക്കം മുതൽക്കെ അഭിപ്രായ വ്യത്യാസങ്ങൾ

ഉണ്ടായിരുന്നു. കോൺഗ്രസ് തന്നെയാണ് അക്കാര്യത്തിൽ ഏറ്റവും കൂടുതൽ വലഞ്ഞതും. എന്നാൽ സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ ഉണ്ടായ വിവാദങ്ങൾകൊടുവിലാണ് യു.ഡി.എഫ് സ്ഥാനാർഥി ആയി പാർട്ടി അബിൻ വർക്കിയുടെ പേര് പ്രഖ്യാപിക്കുന്നത്. ഒരിക്കൽ യു.ഡി.എഫിന്റെ കയ്യിലായിരുന്ന ആറന്മുള മണ്ഡലം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യവുമായാണ് സ്ഥാനാർഥി അബിൻ വർക്കി വിയർപ്പൊഴുക്കുന്നത്.

**എല്ലാ രാഷ്ട്രീയ മുന്നണികളും ഒരുപോലെ സാന്നിധ്യം തെളിയിക്കുന്ന മണ്ഡലമാണിത്. കാലക്രമേണ ഒട്ടേറെ മാറ്റങ്ങൾക്ക് മണ്ഡലം വഴങ്ങിയെങ്കിലും എൽ.ഡി.എഫ് അനുകൂല നിലപാടുകൾ വിട്ടുകളഞ്ഞിട്ടില്ല. ശക്തമായ രാഷ്ട്രീയ മത്സരം, സ്ഥാനാർഥികളുടെ വ്യക്തിപരമായ സ്വാധീനം, പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ കഴിഞ്ഞ തിരഞ്ഞെടുപ്പിനെ സ്വാധീനിച്ചിരുന്നു. പത്തനംതിട്ട ലോക്സഭാ നിയോജകമണ്ഡലത്തിന്റെ ഭാഗമാണ് ആറന്മുള നിയമസഭാമണ്ഡലം.**

2016 മുതൽ സി.പി.എമ്മിലെ വീണാ ജോർജ്ജാണ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്നത്. കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ (2021) മന്ത്രി വീണ ജോർജ് കോൺഗ്രസിലെ കെ ശിവദാസൻ നായരെ 16,796 വോട്ടുകൾക്കാണ് പരാജയപ്പെടുത്തിയത്. 73,450 വോട്ടുകൾ നേടിയായിരുന്നു ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജിന്റെ വിജയം. കെ ശിവദാസൻ നായർക്ക് 56,654 വോട്ടുകളാണ് നേടാനായത്. ബി.ജെ.പിയുടെ ബിജു മാത്യുവിന് 21,099 വോട്ടുകളും ലഭിച്ചു. ഇത്തുറി വീണാ ജോർജിനും അബിൻ വർക്കിക്കും പുറമെ മുതിർന്ന ബി.ജെ.പി നേതാവ് കുമ്മനം രാജശേഖരനും ഒന്ന് പയറ്റി നോക്കാൻ കളത്തിലുണ്ട്. മൂന്ന് മുന്നണികളും സ്ഥാനാർഥികളെ ഔദ്യോഗികമായി പ്രഖ്യാപിച്ചതോടെ മണ്ഡലത്തിലെ പ്രചാരണം പൊടിപൊടിക്കുകയാണ്.

എല്ലാ രാഷ്ട്രീയ മുന്നണികളും ഒരുപോലെ സാന്നിധ്യം തെളിയിക്കുന്ന മണ്ഡലമാണിത്. കാലക്രമേണ ഒട്ടേറെ മാറ്റങ്ങൾക്ക് മണ്ഡലം വഴങ്ങിയെങ്കിലും എൽ.ഡി.എഫ് അനുകൂല നിലപാടുകൾ വിട്ടുകളഞ്ഞിട്ടില്ല. ശക്തമായ രാഷ്ട്രീയ മത്സരം, സ്ഥാനാർഥികളുടെ വ്യക്തിപരമായ സ്വാധീനം, പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ കഴിഞ്ഞ തിരഞ്ഞെടുപ്പിനെ സ്വാധീനിച്ചിരുന്നു. പത്തനംതിട്ട ലോക്സഭാ നിയോജകമണ്ഡലത്തിന്റെ ഭാഗമാണ് ആറന്മുള നിയമസഭാമണ്ഡലം. കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെടുന്ന പത്തനതിട്ട മുനിസിപ്പാലിറ്റി, ആറന്മുള, ചെന്നീർക്കര, ഇലന്തൂർ, കോഴഞ്ചേരി, കുളനട, മല്ലപ്പുഴശ്ശേരി, മെഴുവേലി, നാരങ്ങാനം, ഓമല്ലൂർ എന്നീ പഞ്ചായത്തുകളും, തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ



പഞ്ചായത്തുകളും ചേർന്ന നിയമസഭാമണ്ഡലമാണ് ആറൻമുള.

നിലവിൽ യു.ഡി.എഫ് ഭരിക്കുന്ന പത്തനംതിട്ട നഗരസഭ, ആറന്മുള, ചെന്നീർകര, ഇലന്തൂർ, കോഴഞ്ചേരി, മല്ലപ്പുഴശേരി, മെഴുവേലി, നാരങ്ങാനം, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശേരി പഞ്ചായത്തുകളും ഇടതുമുന്നണി അധികാരത്തിലുള്ള കുളനട പഞ്ചായത്തും എൻ.ഡി.എ ഭരിക്കുന്ന ഓമല്ലൂർ പഞ്ചായത്തും അടങ്ങുന്നതാണ് ആറൻമുള നിയമസഭാ മണ്ഡലം. മണ്ഡലം ഉൾപ്പെടുന്ന മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിൽ രണ്ടെണ്ണം യു.ഡി.എഫും ഒരിടത് എൽ.ഡി.എഫും ആണ് ഭരിക്കുന്നത്.ആകെ 2,13,732 വോട്ടർമാറാണ് മണ്ഡലത്തിൽ ഉള്ളത്. ഇതിൽ 1,11,245 സ്ത്രീ വോട്ടർമാരും 1,02,487 പുരുഷൻ വോട്ടർമാരുമാണുള്ളത്.

മൂന്നാം തവണയും മിന്നും വിജയം നേടാൻ സാധിക്കുമെന്ന ശുഭപ്രതീക്ഷയിലാണ് വീണ ജോർജ്. എന്നാൽ മണ്ഡലത്തിലെ പഞ്ചായത്തുകളും നഗരസഭയും പിടിക്കാൻ സാധിച്ചതിനാൽ ഇത്തവണ അധികാരം തങ്ങളിലേക്കെത്തുമെന്ന പ്രതീക്ഷ കോൺഗ്രസിനുമുണ്ട്. കുമ്മനം രാജശേഖരനെ വെച്ചൊരു ഗംഭീര പരീക്ഷണത്തിനാണ് ബി.ജെ.പി ഇറങ്ങിയിരിക്കുന്നത്. റോഡ്ഷോ നടത്തിയാണ് മന്ത്രി വീണ ജോർജ് മണ്ഡലത്തിൽ പ്രചാരണത്തിന് തുടക്കം കുറിച്ചത്. മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഉയർത്തി കാട്ടിയാണ് വീണ ജോർജ് ജനവിധി തേടുന്നത്. പത്തനംതിട്ട തന്റെ ജന്മനാടാണെന്നും നാട്ടുകാർ തന്നെ കരുതലോടെ ചേർത്തുപിടിക്കുന്നുണ്ടെന്നും വോട്ടർമാരിലേക്കിറങ്ങുമ്പോൾ വലിയ സന്തോഷമാണുള്ളതെന്നും ആറന്മുള മണ്ഡലത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വിജയം അനിവാര്യമാണെന്നും വീണ ജോർജ് പറഞ്ഞയുന്നു.

പിണറായിയുടെ കീഴിൽ കഴിഞ്ഞ പത്ത് വർഷമായി മണ്ഡലത്തിൽ തുടരുന്ന വികസന മുരടിപ്പിനുള്ള മറുപടിയായിരിക്കും ഈ തിരഞ്ഞെടുപ്പെന്ന് മണ്ഡലത്തിൽ പുതുമുഖമായ അബിൻ വർക്കി വ്യക്തമാക്കുന്നു. മണ്ഡലത്തിലെ വികസന മുരടിപ്പിന് തെളിവാണ് പാതിവഴിയിൽ നിലച്ചുപോയ അബാൻ മേൽപ്പാലമെന്നും ഇത്തരത്തിൽ നിരവധി പദ്ധതികൾ മണ്ഡലത്തിൽ മുടങ്ങിക്കിടക്കുകയാണെന്നും അബിൻ ആരോപിച്ചു. ആറന്മുളയെ വീണ്ടെടുക്കാനുള്ള പോരാട്ടമാണിതെന്നും ശബരിമല സ്വർണക്കൊള്ളയുൾപ്പെടെ വിഷയങ്ങളിൽ ജനങ്ങൾ ഇക്കുറി ബാലറ്റിലൂടെ മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു. "ഇനി എല്ലാം വർക്കാവും" എന്ന മുദ്രാവാക്യവുമയാണ് അബിൻ പ്രചാരണത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

കേരളത്തിലെ ബി.ജെ.പിക്ക് ഏറെ പ്രതീക്ഷ നൽകുന്ന "എ" ക്ലാസ് മണ്ഡലങ്ങളിൽ ഒന്നാണ് ആറന്മുള. അതുകൊണ്ട് തന്നെ മുതിർന്ന ബി.ജെ.പി നേതാവ് കുമ്മനം രാജശേഖരനെയാണ് പാർട്ടി ഇവിടെ സ്ഥാനാർഥി ആക്കിയിരിക്കുന്നത്. കുമ്മനം രാജശേഖരാൻ എന്ന രാഷ്ട്രീയ നേതാവിന് ആറന്മുള മണ്ഡലം അപരിചിതമല്ല. ആറന്മുള വിമാനത്താവള വിരുദ്ധ സമരത്തിന്റെ മുൻനിര നേതാവായിരുന്ന കുമ്മനത്തിന് മണ്ഡലത്തിൽ ഏറെ സ്വീകാര്യതയുണ്ട് എന്നത് ശ്രദ്ധേയമാണ്.

എൻ.ഡി.എ സ്ഥാനാർത്ഥിയായി മണ്ഡലത്തിൽ എത്തിയ കുമ്മനം രാജശേഖരന് മണ്ഡലത്തിൽ ഉൾപ്പെടുന്ന പത്തനംതിട്ട നഗരത്തിൽ സ്വീകരണം നൽകി. ആറൻമുളയിൽ വിജയം ഉറപ്പാണെന്നും ആറൻമുളയെന്ന പൈതൃക ഗ്രാമത്തിന്റെ വികസനമാണ് ലക്ഷ്യമെന്നും കുമ്മനം രാജശേഖരൻ പറഞ്ഞു.

**മൂന്നാം തവണയും മിന്നും വിജയം നേടാൻ സാധിക്കുമെന്ന ശുഭപ്രതീക്ഷയിലാണ് വീണ ജോർജ്. എന്നാൽ മണ്ഡലത്തിലെ പഞ്ചായത്തുകളും നഗരസഭയും പിടിക്കാൻ സാധിച്ചതിനാൽ ഇത്തവണ അധികാരം തങ്ങളിലേക്കെത്തുമെന്ന പ്രതീക്ഷ കോൺഗ്രസിനുമുണ്ട്. കുമ്മനം രാജശേഖരനെ വെച്ചൊരു ഗംഭീര പരീക്ഷണത്തിനാണ് ബി.ജെ.പി ഇറങ്ങിയിരിക്കുന്നത്. റോഡ്ഷോ നടത്തിയാണ് മന്ത്രി വീണ ജോർജ് മണ്ഡലത്തിൽ പ്രചാരണത്തിന് തുടക്കം കുറിച്ചത്.**



# ഫൊക്കാന ട്രഷർ ജോയി ചാക്കപ്പൻ ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്നു

അമേരിക്കൻ മലയാളി സമൂഹത്തിന്റെ നിറസാനിദ്ധ്യവും ഫൊക്കാന ട്രഷറുമായ ജോയി ചാക്കപ്പൻ ഫൊക്കാന ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്നു.

ഫൊക്കാനയുടെ കരുത്തുറ്റ നേതാവ് ,മികച്ച സംഘടനാ പാടവം, സാമൂഹ്യ- സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക മേഖലകളിൽ തിളങ്ങി നിൽക്കുന്ന കരുത്തുറ്റ വെക്തി, ആരുമായും സഹകരിച്ചു പോകുന്ന നേതൃത്വപാടവം, അങ്ങനെ ആർക്കും പകരംവെക്കനില്ലാത്ത നേതാവാണ് ജോയി ചക്കപ്പൻ. അത്കൊണ്ട് തന്നെ ജോയി ചക്കപ്പന്റെ സ്വനാർത്ഥിത്വത്തിനു വൻപിച്ച സ്വീകാര്യതയാണ് ഉള്ളത്.

ഫൊക്കാനയുടെ ഇപ്പോഴത്തെ ട്രഷർ ആയി പ്രവർത്തിക്കുന്ന ജോയി ചക്കപ്പൻ ജോയിന്റ് സെക്രട്ടറിയായും ,2018 -2020 ലെ ഫൊക്കാനയുടെ കൺവെൻഷൻ ചെയർമാനായും പ്രവർത്തിച്ചു കഴിവും നേതൃത്വപാടവും തെളിയിച്ച വ്യക്തിയാണ് . നാഷണൽ കമ്മിറ്റി മെംബേർ ആയും പ്രവർത്തിച്ച ചാക്കപ്പൻ 2018-ൽ ഫിലാഡൽഫിയായിൽ നടന്ന ഫൊക്കാനയുടെ 18-മത് അന്താരാഷ്ട്ര കൺവെൻഷന്റെ ബാങ്കറ്റ് ആൻഡ് കൾച്ചറൽ പ്രോഗ്രാം കമ്മിറ്റി കോർഡിനേറ്ററുമായിരുന്നു. വിവിധ കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗവുംമായിരുന്ന ചാക്കപ്പൻ എല്ലാ ഫൊക്കാനക്കാരുടെയും മിത്രമാണ്.


തൃശ്ശൂർ ജില്ലയിലെ കൊരട്ടി സ്വദേശിയായ വളപ്പിൽ പരേതരായ ചാക്കപ്പൻ മറിയം ദമ്പതികളുടെ എട്ടുമക്കളിൽ നാലാമനായി ജനിച്ച ജോയി ചാക്കപ്പൻ കാലടി ശ്രീശങ്കരാ കോളേജിൽ

നിന്ന് ബിഎസ്സി ഫിസിക്സിൽ ബിരുദം നേടിയ ശേഷം 1983-ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ കുടിയേറി. പിന്നീട് അമേരിക്കയിൽ കമ്പ്യൂട്ടർ സയൻസിൽ ഉപരിപഠനം പൂർത്തിയാക്കിയ അദ്ദേഹം ഫൈസർവ് കമ്പനിയിൽ ഐ.ടി.വിഭാഗത്തിൽ ഇൻഫർമേഷൻ അനലിസ്റ്റായി പ്രവർത്തിക്കുന്നു.

ജോയി ചാക്കപ്പൻ ന്യൂജേഴ്സിയിലെ പ്രമുഖ സാമൂഹ്യസംഘടനയായ കേരള കൾച്ചറൽ ഫോറത്തിലൂടെ(കെ.സി.എഫ്.)യാണ് സാമൂഹ്യരംഗത്ത് കടന്നു വന്നത്. 25 വർഷം മുമ്പ് കെ.സി.എഫിൽ എത്തിയ ചാക്കപ്പൻ കെ.സി.എഫിന്റെ പ്രസിഡന്റായി രണ്ടു തവണയും(നാല് വർഷം) സെക്രട്ടറിയായി ഒരു തവണയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെ.സി.എഫിന്റെ ട്രസ്റ്റി ബോർഡ് മെമ്പറായും ഡയറക്ടർ ബോർഡ് മെംബെർ ആയും പ്രവർത്തിച്ചിട്ടുണ്ട് .

ബർഗൻഫീൽഡിലെ കലാ സാംസ്കാരിക സംഘടനയായ 'നാട്ടുകൂട്ടം'ത്തിന്റെ സ്ഥാപകരിലൊരാളായ ചാക്കപ്പൻ ബോർഡ് അംഗമാണ്. ന്യൂജേഴ്സി സെന്റ് ജോർജ് സീറോ മലബാർ പള്ളിയുടെ ആരംഭം മുതൽ(ട്രസ്റ്റിയായും സെക്രട്ടറിയായും പ്രവർത്തിച്ച ചാക്കപ്പൻ നാലു തവണ ട്രസ്റ്റി(8 വർഷം) ആയും ഒരു തവണ സെക്രട്ടറി, കമ്മറ്റി അംഗം എന്നീ പദവികളും വഹിച്ചിരുന്നു. ഇപ്പോൾ എസ്.എം.സി.സിയുടെ പാരിഷ് പ്രസിഡന്റാണ്.) 2003 ൽ ന്യൂജേഴ്സിൽ ഏറെ വിജയകരമായി നടന്ന സീറോ മലബാർ നാഷ്ണൽ കൺവെൻഷന്റെ ജനറൽ സെക്രട്ടറിയായിരുന്ന ചാക്കപ്പൻ കൺവെൻഷൻ മികച്ച രീതിയിൽ നടത്തി ഏവരുടെയും പ്രശംസ നേടിയ വ്യ്ക്തിയാണ്. ഈ നൈപുണ്യമാണ് ജോയി ചാക്കപ്പനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാകുന്നത്. ചക്കപ്പന് പകരം ചാക്കപ്പൻ മാത്രം, അത്രത്തോളം പ്രിയങ്കരൻ ആണ് ഏവർക്കും അദ്ദേഹം.

നിരവധി പുരസ്കാരങ്ങളും അവാർഡുകളും നേടിയിട്ടുള്ള ജോയി ചാക്കപ്പൻ 2023 ൽ ബെർഗൻ കൗണ്ടി കമ്മ്യൂണിറ്റി സർവീസ് അവാർഡും നേടുകയുണ്ടായി. ഭാര്യ വത്സമ്മ ജോയിയോടൊപ്പം ന്യൂജേഴ്സിയിലെ ബെർഗൻ കൗണ്ടിയിൽ ആണ് താമസം. മക്കൾ നീന ജോയി , നവീൻ ജോയി.


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# ടീം വോയ്സ് ഓഫ് ഫോമായ്ക്ക് സാക്രമെന്റോ റീജിയണൽ അസോസിയേഷൻ ഓഫ് മലയാളി യുടെ (സർഗം) പിന്തുണ

എ.എസ് ശ്രീകുമാർ

സാക്രമെന്റോ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ താത്പര്യങ്ങൾക്കൊത്ത് ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ സ്വാഭാവികമായ തുടർച്ചയ്ക്കും ഭാവനാപൂർണമായ പുത്തൻ പദ്ധതികളുടെ ആവിഷ്കാരത്തിനുമായി 2026-'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ' പാനൽ അംഗങ്ങൾ തങ്ങളുടെ ഇലക്ഷൻ കാംമ്പെയ്നിന്റെ ഭാഗമായി സാക്രമെന്റോ റീജിയണൽ അസോസിയേഷൻ ഓഫ് മലയാളിയുടെ (സർഗം) നൃത്ത മൽസര വേദിയായ 'സർഗോൽസവ'ത്തിലെത്തി പുന്തുണ ആഭ്യർത്ഥിച്ചു. സർഗത്തിന്റെ നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയ പാനൽ അംഗങ്ങൾ തങ്ങളുടെ സ്വപ്ന പദ്ധതികൾ അവർക്കു മുമ്പിൽ വിശദീകരിച്ചു.

ഫോമായുടെ അംഗബലം വർധിപ്പിക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ഫോമായെ നയിക്കുന്നതിനുള്ള അംഗീകാരത്തിനായി ജനസമക്ഷം എത്തുന്നതെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കി. ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും ചാരിറ്റി ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ തുടർച്ചയുമുണ്ടാവും.

ഫോമാ 20 വർഷം പൂർത്തിയാക്കുന്ന ചരിത്ര മുഹൂർത്തം സമുചിതമായി ആഘോഷിക്കുന്ന പത്താം വാർഷിക കൺവൻഷൻ അവിസ്മരണീയമാക്കുകയെന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ







മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു. ടീം വോയ്സ് ഓഫ് ഫോമായ്ക്ക് സംഘടന എല്ലാവിധ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്തുവെന്ന് സാക്രമെന്റോ റീജിയണൽ അസോസിയേഷൻ ഓഫ് മലയാളി ഭാരവാഹികൾ അറിയിച്ചു.



സിജിൽ പാലയ്ക്കലോടി (ഫോമാ നാഷണൽ ട്രഷറർ), രമേഷ് ഇല്ലിയ്ക്കൽ (പ്രസിഡന്റ്), സംഗീത ഇന്ദിര (സെക്രട്ടറി), എൽദോസ് (ട്രഷറർ), സജി മാത്യു (വൈസ് പ്രസിഡന്റ്), സജീവ് പിള്ള (ജോയിന്റ് സെക്രട്ടറി), രാജേഷ് ജോസ് (ജോയിന്റ് ട്രഷറർ), വിൽസൺ നെച്ചിക്കാട് (ചെയർമാൻ), മുൻ പ്രസിഡന്റുമാരായ സദാനന്ദൻ, രശ്മി നായർ, വിനോദ് ബാലകൃഷ്ണൻ, കമ്മിറ്റി അംഗങ്ങളായ ലിൻസൺ വർഗീസ്, സുബി, ജേക്കബ്ബ്, ലാംഗ്വേജ് ആൻഡ് എഡ്യുക്കേഷൻ സെക്രട്ടറി ബിനി മൃദുൽ തുടങ്ങിയവരുമായാണ് ഊഷ്മളമായ അന്തരീക്ഷത്തിൽ ടീം വോയ്സ് ഓഫ് ഫോമാ കൂടിക്കാഴ്ച നടത്തിയത്.




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ദൈവരാജ്യത്തിനായി ഐക്യപ്പെടുക എന്ന ആഹ്വാനത്തോടെ ഡാളസ് സിറ്റി വൈഡ് പ്രവർത്തനങ്ങൾക്ക് തുടക്കമായി: രാജു തരകൻ



emalayalee.com

ഡാളസ്, ടെക്സാസ്-മാർച്ച്-18: ഡാളസ് പട്ടണത്തിലെ മലയാളി പെന്തക്കോസ്തൽ സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റി-വൈഡ് ഫെലോഷിപ്പി(DCF)ന്റെ പ്രവർത്തനോൽഘാടനം 2026 മാർച്ച് 14 ശനിയാഴ്ച രാവിലെ 10:00 മുതൽ 12:30 വരെ, ശാരോൻ ഫെലോഷിപ്പ് സഭയിൽ വച്ച് ഡാളസ് പട്ടണത്തിലെ സഭാ ശുശ്രൂഷകന്മാരുടെയും വിശ്വാസ സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ നടന്നു.

''ദൈവരാജ്യത്തിനായി ഐക്യപ്പെടുക'' എന്നതായിരുന്നു സെമിനാറിന്റെ മുഖ്യ വിഷയം. കഴിഞ്ഞ ചില വർഷങ്ങളായി സിറ്റി-വൈഡിന് നേതൃത്വം നൽകിയ പാസ്റ്റർ മാത്യു ശാമുവലായിരുന്നു യോഗത്തിന് അദ്ധ്യക്ഷം വഹിച്ചത്. ഡാളസ് പട്ടണത്തിലെ സഭകളെ ഒരു കുടക്കീഴിൽ നിർത്തുവാൻ ഡാളസ് സിറ്റി-വൈഡിന് കഴിഞ്ഞകാലങ്ങളിൽ നേതൃത്വം നൽകിയ നേതൃത്വത്തെയും കഴിഞ്ഞ നാൽപ്പത് വർഷമായി ചെയ്തുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം എടുത്തുപറയുകയുണ്ടായി.

തുടർന്ന് DCFന്റെ ചെയർമാനായി ഈ വർഷം ചുമതലയേറ്റ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ ഉദ്ഘാടന പ്രസംഗം നടത്തുകയുണ്ടായി. കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ സംഘടനാപരമായി ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് താൻ വിവരിക്കുകയുണ്ടായി. ആദ്യമായി DCF ടെക്സസിൽ രജിസ്റ്റർ ചെയ്തതും ക്രമീകൃതമായ പ്രവർത്തനങ്ങൾക്കായി 11 അംഗ കമ്മറ്റിയെ തിരഞ്ഞെടുത്തതും ഈ വർഷത്തെ വിവിധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തിയതും വലിയ ആവേശത്തോടെയാണ് തിങ്ങിനിറഞ്ഞ സദസ്സ് ഏറ്റെടുത്തത്.

പാസ്റ്റർ സ്റ്റീഫൻ വർഗീസ് ''ക്രിസ്തുവിൽ നാം ആരാണ്'' എന്ന വിഷയത്തെ ആധാരമാക്കി ഐക്യത എന്താണെന്നും അത് നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കേണ്ട ചലനങ്ങൾ എന്താണെന്നും താൻ വിവരിച്ചു. ഒരേ വിശ്വാസം പുലർത്തുന്ന സഭകൾ ഒരുമിച്ചുനിൽക്കുമ്പോൾ അത് ഒരു ആത്മീയമായ ഒരു മാറ്റത്തിലേക്ക് നയിക്കേണം എന്ന ആഹ്വാനം അദ്ദേഹം നൽകുകയുണ്ടായി. തുടർന്ന് സിറ്റിവൈഡ് കോ-ചെയർമാനും കൗൺസിലിങ് രംഗത്ത്



വിശ്വാസസമൂഹത്തിൽ പ്രശസ്തനുമായ ഡോ. തോമസ് ഇടിക്കുള, ‘‘നമുക്ക് ഒരുമിച്ച് ചെയ്യാനാകുന്നത് എന്ത്’’ എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണം കേഴ്വിക്കാർക്ക് പുതിയ ഒരു അനുഭവമായി. ചരിത്രത്തിലെ ഏതൊരു ആത്മീയ ഉണർവ്വിന്റെയും പിന്നിൽ ഐക്യത ഒരു അനിവാര്യഘടകമായിരുന്നു എന്ന് വിവിധ സ്റ്റാറ്റിസ്റ്റിക്കുകൾ ചൂണ്ടിക്കാട്ടി താൻ വ്യക്തമാക്കുകയുണ്ടായി.


ഷാരോൺ മാത്യു, ബ്ലെസ്സൻ എന്നിവരുടെ നേതൃത്വത്തിൽ ഷാരോൺ ചർച്ച് ക്വയർ ജനത്തെ ആരാധനയുടെ അനുഭവത്തിലേക്ക് നയിക്കുകയുണ്ടായി. മ്യൂസിക് കോർഡിനേറ്റർ ജോസ്പ്രകാശ് കരിമ്പിനേത്ത് ആലപിച്ച മനോഹരമായ ഗാനവും പാസ്റ്റർ വി ടി സാംകുട്ടി, പാസ്റ്റർ ചാക്കോ ജോർജ്ജ് എന്നിവരുടെ പ്രാർത്ഥനയും യോഗത്തിന് അനുഗ്രഹമായി.





എസ് പി ജെയിംസ് (സെക്രട്ടറി) അറിയിപ്പുകൾ നടത്തുകയും, തോമസ് ചെല്ലേത്ത് (ട്രെഷററാർ) നന്ദി അറിയിക്കുകയും ചെയ്തു. പാസ്റ്റർ ജോൺസൺ സഖറിയായുടെ പ്രാർത്ഥനാശിർവാദങ്ങളോടെ സമാപിച്ച യോഗത്തിന് ജോസ് പ്രകാശ് കരിമ്പിനേത്ത് (മ്യൂസിക് കോ-ഓർഡിനേറ്റർ) അന്നമ്മ വില്യംസ് (സിസ്റ്റേഴ്സ് കോ-ഓർഡിനേറ്റർ), രാജു തരകൻ (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരെ കൂടാതെ പാസ്റ്റർ മാത്യു ശാമുവേൽ, പാസ്റ്റർ എബ്രഹാം തോമസ്, ഷാജി മണിയാറ്റ്, വർഗ്ഗീസ് വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകുകയുണ്ടായി. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: DallasCitywide. org




Promise, Through the
Path of Trust
TEAM
PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# കൊപ്പേൽ സെന്റ് അൽഫോൻസാ ഇടവകയിൽ 25 കുട്ടികൾ അൽത്താര ശുശ്രൂഷയിലേക്ക്; ചിക്കാഗോ രൂപതയുടെ രജതജൂബിലി ദിനത്തിൽ സമുചിതമായ ആഘോഷം

മാർട്ടിൻ വിലങ്ങോലിൽ

ഡാളസ് / കൊപ്പേൽ : ടെക്സസിലെ കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകയിൽ ആത്മീയ ചൈതന്യം തുളുമ്പുന്ന വേളയിൽ 25 ബാലന്മാർ പുതുതായി അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിച്ചു.

2001 മാർച്ച് 13-ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപത ഔദ്യോഗികമായി സ്ഥാപിച്ചതിന്റെ കൃത്യം 25-ാം വാർഷിക ദിനത്തിലാണ് ഈ ശുശ്രൂഷാ സ്വീകരണം നടന്നത് എന്നത് ഏറെ സവിശേഷമായി. രൂപതയുടെ രജതജൂബിലി ദിനത്തിൽ ഒരു ഇടവകയിൽ നിന്ന് തന്നെ 25 കുട്ടികൾ ഒരേസമയം ശുശ്രൂഷാ പദവിയിലേക്ക് ഉയർത്തപ്പെട്ടത് ചരിത്രമുഹൂർത്തമായി മാറി.

മാർച്ച് 13 വെള്ളിയാഴ്ച ഇടവക ദേവാലയത്തിൽ നടന്ന പ്രത്യേക തിരുക്കർമ്മങ്ങൾക്ക് വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു.

വിശുദ്ധ കുർബാനയ്ക്ക് മുന്നോടിയായി നടന്ന ചടങ്ങിൽ വൈദികർ കുട്ടികളെ ആശീർവ



ദിക്കുകയും കൊത്തീനയും തിരുവസ്ത്രങ്ങളും നൽകി മദ്ബഹായിലേക്ക് ആനയിക്കുകയും ചെയ്തു. മദ്ബഹാ ശുശ്രൂഷകരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബെർക്കുമാൻസിന്റെ ജന്മദിനം കൂടിയായ മാർച്ച് 13-ന് തന്നെ ഈ ശുശ്രൂഷാ സ്വീകരണം നടന്നത് കുട്ടികളിലും മാതാപിതാക്കളിലും വലിയ ആവേശം പകർന്നു.

രൂപതയുടെ സ്ഥാപന ദിനത്തിൽ തന്നെ 25 കുട്ടികൾ അൾത്താര സേവനത്തിനായി സമർപ്പിതരായത് ഇടവകയ്ക്ക് ഇരട്ടി മധുരമായി. വിശുദ്ധ അൽഫോൻസാമ്മയുടെ നാമത്തിലുള്ള വെള്ള വസ്ത്രങ്ങൾ അണിഞ്ഞ്, ശുഭ്രധാരികളായി 25 ബാലന്മാരും പുരോഹിതരോടൊപ്പം ബലിപീഠത്തിലേക്ക് ചുവടുവെച്ചപ്പോൾ വിശ്വാസ സമൂഹം പ്രാർത്ഥനയോടെ ആ നിമിഷത്തിന് സാക്ഷ്യം വഹിച്ചു.





വരുംതലമുറയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൈദികരുടെ നേതൃത്വത്തിൽ കുട്ടികളെ പ്രത്യേകമായി ഒരുക്കിയെടുത്താണ് ഈ ശുശ്രൂഷാ പദവിയിലേക്ക് എത്തിച്ചത്. ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനെ ബലിപീഠത്തിൽ സഹായിക്കുന്നതിലൂടെ ഈ കുട്ടികൾ യേശുക്രിസ്തുവിനോടും അവിടുത്തെ പരിശുദ്ധ സിംഹാസനത്തോടും കൂടുതൽ അടുക്കുവാനുള്ള ഭാഗ്യമാണ് നേടിയതെന്ന് വികാരി അനുസ്മരിച്ചു.

ജോർജ് ജോസഫ്, ലിയോൺ തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിയത്. സഭയുടെയും രൂപതയുടെയും വളർച്ചയിൽ പങ്കുചേരാൻ സന്നദ്ധരായ ഈ കൊച്ചു ശുശ്രൂഷകരെ ഇടവക സമൂഹം അഭിനന്ദിച്ചു



# ഫിലാഡൽഫിയ മലയാളി സമൂഹത്തിനു നന്ദി അറിയിച്ച് സുനിൽ ഫിലിപ്പ് സിപിഎ




സവാനി ഗ്രൂപ്പ് കേസുമായി ബന്ധപ്പെട്ട കേസിൽ നിന്ന് കുറ്റവിമുക്തനാക്കപ്പെട്ടതിൽ സന്തോഷമറിയിച്ച് സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റായ സുനിൽ ഫിലിപ്പ്. ജൂറിയുടെ നീതിപൂർണ്ണമായ തീരുമാനത്തിന് താൻ നന്ദിയുള്ളവനാണെന്ന് സുനിൽ ഫിലിപ്പ് പ്രതികരിച്ചു. അമേരിക്കയിലെ ഈസ്റ്റേൺ ഡിസ്ട്രിക്ട് ഓഫ് പെൻസിൽവേനിയയിലെ യു എസ് ജില്ലാ കോടതിയിൽ നടന്ന സങ്കീർണ്ണമായ ഫെഡറൽ കേസിൽ സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റായ സുനിൽ ഫിലിപ്പിനെ എല്ലാ കുറ്റാരോപണങ്ങളിൽ നിന്നും പൂർണമായി കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള വിധി വന്നത് മാർച്ച് 9നാണ്.

വിസാ തട്ടിപ്പ്, ഹെൽത്ത് കെയർ തട്ടിപ്പ്, നികുതി വെട്ടിപ്പ്, മണി ലോണ്ടറിംഗ്, നിയമലംഘനങ്ങൾ തുടങ്ങി നിരവധി കുറ്റകൃത്യങ്ങൾ നടത്തിയതിനെത്തുടർന്ന് പെൻസിൽവാനിയയിൽ നിന്നുള്ള സവാനി ഗ്രൂപ്പ് ഉടമകൾ ശിക്ഷിക്കപ്പെട്ട വാർത്ത ഏറെ വാർത്താ പ്രാധാന്യം നേടിയിരുന്നു. ഇന്ത്യൻ വംശജരായ സഹോദരങ്ങൾ ഭാസ്കർ സവാനി, അരുൺ സവാനി എന്നിവരാണ് കുറ്റക്കാരാണെന്ന് തെളിഞ്ഞത്. കേസന്വേഷണത്തിനിടെ കമ്പനിയിൽ ജോലി ചെയ്തിരുന്ന പലരേയും പ്രതികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. അക്കൂട്ടത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ട ഒരാളായിരുന്നു സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റായ സുനിൽ ഫിലിപ്പ്.

എന്നാൽ വിചാരണയ്ക്കിടെ സുനിൽ ഫിലിപ്പിന് യാതൊരു കുറ്റകൃത്യത്തിലും പങ്കില്ലെന്ന് വ്യക്തമായി തെളിഞ്ഞു. കമ്പനിയുടെ ഇൻ ഹൗസ് അക്കൗണ്ടിംഗ് സംഘ

ത്തിൽ നിന്നുള്ള വിവരങ്ങളെ വിശ്വാസത്തിലെടുത്ത് തന്റെ പ്രൊഫഷണൽ ജോലി മാത്രം നിർവഹിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹം എന്ന് പ്രതിഭാഗം തെളിയിച്ചു. സുനിൽ ഫിലിപ്പിനെ പ്രതിനിധീകരിച്ചത് Fox Rothschild LLPയിലെ അഭിഭാഷകരായ പാട്രിക് ജെ. ഈഗനും സവേറിയോ എസ്. റോമിയോയും ആയിരുന്നു. ഏഴ് ആഴ്ച നീണ്ട ജൂറി വിചാരണയിൽ അവർ സുനിൽ ഫിലിപ്പിന്റെ നിരപരാധിത്വം ശക്തമായി വാദിച്ചു.

സർക്കാരിന്റെ വാദം അവസാനിച്ചപ്പോൾ തന്നെ കോടതിയിലൂടെ റാക്കറ്റിയറിംഗും മണി ലോണ്ടറിംഗും സംബന്ധിച്ച കുറ്റങ്ങൾ ഒഴിവാക്കിയിരുന്നു. തുടർന്ന് ഏകദേശം നാല് ദിവസത്തെ ആലോചനയ്ക്കു ശേഷം, 2026 മാർച്ച് 9-ന് ജൂറി ബാക്കി ഉണ്ടായിരുന്ന എല്ലാ നികുതി കുറ്റാരോപണങ്ങളിലും നിന്ന് സുനിൽ ഫിലിപ്പിനെ കുറ്റവിമുക്തനാക്കി. കേസിൽ പ്രതിചേർക്കപ്പെട്ട നിമിഷം മുതൽ പരിഭ്രാന്തിയിലും വിഷമത്തിലുമായിരുന്ന സുനിൽ ഫിലിപ്പിന്റെ പ്രീയപ്പെട്ടവർക്കു മുഴുവൻ ആശ്വാസം പകരുന്നതായിരുന്നു വിധി. വിചാരണകാലം മുഴുവൻ ഫിലഡൽഫിയയിലെ വിശ്വാസ സമൂഹം അദ്ദേഹത്തിനായി പ്രാർത്ഥിക്കുകയും പിന്തുണ നൽകുകയും ചെയ്തിരുന്നു.




തനിക്കെതിരെ ചുമത്തപ്പെട്ട എല്ലാ കുറ്റങ്ങളിലും നിന്നു താൻ കുറ്റവിമുക്തനായെന്നു വിധിക്ക് ശേഷം സുനിൽ ഫിലിപ്പ് പ്രതികരിച്ചു. ജൂറിയുടെ തീരുമാനം നീതിപൂർണ്ണമായിരുന്നു. നിയമപരമായ എല്ലാ സഹായങ്ങളും നൽകിയ അഭിഭാഷകർക്കും അറ്റോർണി മകൾ ബെലിൻഡ ഫിലിപ്പിനും നന്ദി പറയുന്നുവെന്നും പ്രതിസന്ധിഘട്ടത്തിൽ കൂടെ നിന്ന എല്ലാവരോടും സ്നേഹം അറിയിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

1983-ൽ അമേരിക്കയിലെത്തിയ സുനിൽ ഫിലിപ്പ് പ്രശസ്തമായ വാർട്ടൺ സ്കൂളിൽ നിന്ന് ബിരുദം നേടിയ വ്യക്തിയാണ്. 1986-ൽ പബ്ലിക് അക്കൗണ്ടന്റായി യോഗ്യത നേടിയ അദ്ദേഹം, 1990-ൽ സ്വന്തം അക്കൗണ്ടിംഗ് പ്രാക്ടീസ് ആരംഭിച്ചു. ഏറെ നീണ്ട അനിശ്ചിതത്വങ്ങൾക്ക് ശേഷമുള്ള ഈ വിധി സുനിൽ ഫിലിപ്പ് സത്യസന്ധതയോടെയും പ്രൊഫഷണൽ നിഷ്ഠയോടെയും പ്രവർത്തിച്ച വ്യക്തിയാണെന്ന് തെളിയിക്കുന്നു. അദ്ദേഹത്തിന്റെ കുറ്റവിമുക്തി നീതിയുടെ വിജയം കൂടിയാണ്.

# ഫിലാഡൽഫിയയിൽ 'ആശയവിനിമയ കളരി' ശ്രദ്ധേയമായി; സീന മാത്യു നയിച്ച ക്ലാസ്സുകൾ സദസ്സിന് ആവേശം പകർന്നു



ഫിലഡൽഫിയ: ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റിയുടെയും (GSC) സെന്റ് മേരീസ് ക്നാനായ ചർച്ചിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 'ഫലപ്രദമായ ആശയവിനിമയം' (Building Effective Communication) എന്ന വിഷയത്തിൽ സംഘടിപ്പിച്ച ജനറൽ ക്ലാസ് പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും വൻ വിജയമായി.

ബെൻസലേം സെന്റ് ഗ്രിഗോറിയോസ് ചർച്ച് മിനിസ്റ്ററും, പ്രശസ്ത ഫാമിലി കൗൺസിലറും, തിയോളജിക്കൽ ബിരുദധാരിയുമായ സീന മാത്യു നയിച്ച സെഷനുകൾ സദസ്സിന് പുതിയ അറിവുകളും ആവേശവും പകരുന്നതായിരുന്നു.

ഫിലഡൽഫിയ ബൈബറി റോഡിലെ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടന്ന ചടങ്ങ് ഇടവക വികാരി റെന്നി എബ്രഹാം അച്ചൻ ഉദ്ഘാടനം ചെയ്തു. ചാക്കോ പുന്നൂസ് അച്ചൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ആശയവിനിമയത്തിലെ പോരായ്മകൾ പരിഹരിക്കാനും കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനും സഹായിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ സീന മാത്യു ക്ലാസ്സിൽ പങ്കുവെച്ചു.

രാവിലെ 11:30-ന് ആരംഭിച്ച ക്ലാസ്, പങ്കെടുത്തവരുടെ സജീവമായ ഇടപെടലുകൾ കാരണം ഉച്ചയ്ക്ക് 1:30 വരെ നീണ്ടുനിന്നു. 50 പേരെ പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് വലിയ ജനപങ്കാളിത്തം ഉണ്ടായത് വിഷയത്തിന്റെ പ്രസക്തി വിളിച്ചോതുന്നതായിരുന്നു. ആധുനിക കാലഘട്ടത്തിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ആരോഗ്യകരമായ ആശയവിനിമയത്തിന്റെ പ്രാധാന്യം ക്ലാസ്സിൽ വിശദീകരിച്ചു. സദസ്സിൽ നിന്നുള്ള ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കൃത്യമായ മറുപടി നൽകിക്കൊണ്ട് നടന്ന സംവാദം പരിപാടിയെ കൂടുതൽ വിജ്ഞാനപ്രദമാക്കി.


ഇടവക സെക്രട്ടറി റെന്നി ഇരണക്കൽ സ്വാഗതവും, ജോസ് സക്കറിയ നന്ദിയും രേഖപ്പെടുത്തി. ട്രസ്റ്റി ലിജു എബ്രഹാം പരിപാടി

കളുടെ ഏകോപനത്തെക്കുറിച്ച് വിശദീകരിച്ചു.

ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റിയെ പ്രതിനിധീകരിച്ച് ബിജു എബ്രഹാം, സജി സക്കറിയ, വർഗ്ഗീസ് ജോൺ, അനിൽ ബാബു, റെജിമോൻ മാത്യു, ജെയിംസ് പീറ്റർ, ആനി സക്കറിയ, സുനിത എബ്രഹാം, സിനി വർഗ്ഗീസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

സുബി ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി വിഭാഗം നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാവർക്കും രാവിലെ 11 മണിക്ക് ചായയും പലഹാരങ്ങളും, ഉച്ചയ്ക്ക് വിഭവസമൃദ്ധമായ ഭക്ഷണവും ഇടവകയുടെ നേതൃത്വത്തിൽ ക്രമീകരിച്ചിരുന്നു.

കുടുംബബന്ധങ്ങൾ ദൃഢമാക്കുന്നതിനും പരസ്പര ധാരണ



വളർത്തുന്നതിനും ഇത്തരം കൂട്ടായ്മകൾ അത്യാവശ്യമാണെന്ന് പരിപാടിയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ജി.എസ്.സി ഭാരവാഹികളും സെന്റ് മേരീസ് ക്നാനായ പള്ളി അധികൃതരും പരിപാടിക്ക് നേതൃത്വം നൽകി. വരും ദിവസങ്ങളിലും സമാനമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.











# ഫോമാ ഇലെക്ഷൻ: ടീം പ്രോമിസിന് ഹ്യൂസ്റ്റണിൽ ഉജ്ജ്വല സ്വീകരണം



അനിൽ ആറന്മുള

മിസ്സോറി സിറ്റി: ഫോമായുടെ 2027-2028 ലെ ഭാരവാഹികൾക്കായി നടക്കുന്ന മത്സരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രസിഡണ്ട് സ്ഥാനാർഥി മാത്യു വർഗീസ് (ഫ്ലോറിഡ) നയിക്കുന്ന 'ടീം പ്രോമിസ്'നു ഹ്യൂസ്റ്റൺ മലയാളികൾ ഉജ്ജ്വല സ്വീകരണമാണ് നൽകിയത്. വെള്ളിയാഴ്ച മിസ്സോറിസിറ്റിയിലെ തനിമ റെസ്റ്റോറന്റിൽ ഒരുക്കിയ സമ്മേളനത്തിൽ ഹൂസ്റ്റണിലെ വിവിധ മലയാളി സംഘടനാ പ്രതിനിധികൾ ഭാഗഭാക്കായി.

ടീം അംഗങ്ങളായ സ്ഥാനാർഥികൾ മാത്യു വർഗീസ് (പ്രസിഡണ്ട്), അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രെഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് എത്തിച്ചേർന്നത്.

ഹ്യൂസ്റ്റൺ മലയാളി അസോസിയേഷൻ പ്രസിഡന്റ് റോയ് മാത്യു ടീം അംഗങ്ങളെ ഹ്യൂസ്റ്റണിലേക്കു സ്വാഗതം ചെയ്തു. മാഗ് പ്രസിഡണ്ട് എന്ന നിലയിൽ മത്സരിക്കുന്ന എല്ലാ ടീമുകളോടും ഒരേസമീപനം ആണ് പുലർത്തുന്നതെങ്കിലും ടീം പ്രോമിസിലെ പലരും തനിക്കു ദീർഘകാലമായി അറിയാവുന്നവരും സംഘടനയെ ഉയരങ്ങളിലെത്തിക്കാൻ കഴിവുള്ളവരും ആണെന്ന് റോയ് അഭിപ്രായപ്പെട്ടു.

ടീമിന് വിജയാശംസകൾ നേർന്ന ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ജൂലൈ അവസാനം ഹ്യൂസ്റ്റനിൽ അരങ്ങേറുന്ന ഫോമാ സമ്മേളനത്തിന് രജിസ്റ്റർ ചെയ്ത് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ എല്ലാവരും സഹായിക്കണമെന്നും അഭ്യർഥിച്ചു.

തുടർന്ന് ആശംസകളുമായെത്തിയ ഫോമാ സ്ഥാപക

പ്രസിഡന്റ് ശശിധരൻ നായർ ഫോമയുടെ തുടക്കത്തിൽ ആദ്യത്തെ സെക്രട്ടറിയാകാൻ തീരുമാനിച്ച ആളാണ് മാത്യു വർഗീസ് എന്നും ഫോമയുടെ ഉന്നതിക്കായി അവിരാമം പ്രവർത്തിക്കുന്ന മാത്യു വർഗീസ് നേരത്തെ തന്നെ ഫോമയുടെ പ്രസിഡണ്ട് ആകേണ്ട ആളാണെന്നും ഇത്ര കഴിവുറ്റ ഒരു ടീമിനെ വിജയിപ്പിക്കേണ്ടത് ഫോമയുടെ നിലനിൽപ്പിനു അവശ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



ഇന്ത്യാ പ്രസ് ക്ലബ് ജനറൽ സെക്രട്ടറി അനിൽ ആറന്മുള, വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൺ പ്രൊവിൻസ് പ്രസിഡണ്ട് എസ് കെ ചെറിയാൻ, 'നേർകാഴ്ച' ചീഫ് എഡിറ്റർ സൈമൺ വാളച്ചേരിൽ, ഫോമാ നാഷണൽ കമ്മറ്റി അംഗം ജിജു കുളങ്ങര, ഫോമാ കൺവെൻഷൻ ചെയർമാൻ സുബിൻ കുമാരൻ, മാഗ് ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോജി ജോസഫ്, 'ഒരുമ' മുൻ പ്രസിഡന്റ് ജിൻസ് മാത്യു, അനില സന്ദീപ് (മാഗ് പ്രോഗ്രാം കോർഡിനേറ്റർ), സന്തോഷ് ആറ്റുപുറം(മാഗ് ജോ.സെക്രട്ടറി) , ഡെന്നിസ് മാത്യു, സുബിൻ ബാലകൃഷ്ണൻ (ആഷാ റേഡിയോ), മിഖായേൽ ജോയ് (ബീറ്റ്സ് എഫ് എം) എന്നിവരും ടീം പ്രോമിസിന് ആശംസകൾ അറിയിച്ചു.

മാത്യു വർഗീസും ടീം അംഗങ്ങളും ഹ്യൂസ്റ്റൺ മലയാളികൾക്ക് നന്ദി പറഞ്ഞു. തങ്ങൾ പറഞ്ഞിരിക്കുന്നതുപോലെ വിശ്വാസ്യതയും, സത്യസന്ധതയും, ഉത്തരവാദിത്വ ബോധവും സുതാര്യവുമായി ഫോമാ എന്ന സംഘടനയെ അടുത്ത തലത്തിലെത്തിലേക്കുയർത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും മാത്യു വർഗീസ് മറുപടി പ്രസംഗത്തിൽ പറഞ്ഞു.



# സൗത്ത് ഫ്ലോറിഡാ മാർത്തോമാ പള്ളിയിൽ നൈജീരിയൻ സംസ്കാരത്തിന്റെ തനിമയോടെ വേൾഡ് ഡേ ഓഫ് പ്രയർ ആഘോഷിച്ചു



ജോർജി വറുഗീസ്
ഫോർട്ട് ലോഡർഡേൽ
ഫ്ളോറിഡ


മാർത്തോമാ ചർച്ച് ഓഫ് സൗത്ത് ഫ്ലോറിഡയിലെ വനിതാ അംഗങ്ങൾ, സേവികാസംഘത്തിന്റെ നേതൃത്വത്തിൽ, ഈ വർഷത്തെ അന്താരാഷ്ട്ര World Day of Prayer ഭക്തിപുരസ്കരം ആഘോഷിച്ചു.

നൈജീരിയയിലെ സ്ത്രീകൾ തയ്യാറാക്കിയ ആരാധനാക്രമത്തെ അടിസ്ഥാനമാക്കിയായിരുന്നു ശുശ്രൂഷ. ചടങ്ങിന്റെ ഭാഗമായി നൈജീരിയൻവേഷങ്ങൾ ധരിച്ച സ്ത്രീകൾ ഘോഷയാത്രകളും, സ്കിറ്റുകളും പ്രദർശനങ്ങളും നടത്തി. നൈജീരിയയുടെ ചരിത്രവും സംസ്കാരവും വരച്ചു കാട്ടുന്ന വസ്ത്ര ധാരണവും മറ്റു പ്രദർശനങ്ങളും ഈ പ്രോഗ്രാമിന് മാറ്റ് കൂട്ടി. എല്ലാവർക്കും നൈജീരിക്കാരുടെ ആഹാരം












തയ്യാറാക്കി വിളമ്പിയത് നൂതന അനുഭവമായി.

ആഗോള തലത്തിൽ കൊണ്ടാടുന്ന വേൾഡ് ഡേ ഓഫ് പ്രയറിന്റെ ഭാഗമായാണ് സൗത്ത് ഫ്ലോറിഡയിൽ വിപുലമായ രീതിയിൽ ഈ പ്രോഗ്രാം സംഘടിപ്പിച്ചത്. വിവിധ ക്രൈസ്തവ സഭകളിലെ സ്ത്രീകൾ ഓരോ വർഷവും മാർച്ച് മാസത്തിലെ ആദ്യ വാരമാണ് വേൾഡ് ഡേ ഓഫ് പ്രയർ സംഘടിപ്പിക്കുന്നത്. 170-തിലധികം രാജ്യങ്ങളിൽ നിന്നുള്ള വനിതകൾ ഇതിൽപങ്കു ചേരും.



സൗത്ത് ഫ്ളോറിഡാ മാർത്തോമാ ചർച് സംഘടിപ്പിച്ച പരിപാടിയിൽ നൈജീരിയൻ സ്ത്രീകൾ നേരിടുന്ന മതപീഡനവും സാമൂഹിക വെല്ലുവിളികളും ദൃശ്യ ആവിഷ്കാരത്തിൽകൂടി അവതരിപ്പിച്ചത് ശ്രദ്ധേയമായി. ‘1 will give you rest, come”-- എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയാണ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചത്. ശുശ്രൂഷയുടെ ഭാഗമായായി രൂപപ്പെടുത്തിയ ‘Come to Me”എന്ന തീം സോങ്ങും, മറ്റ് തെരഞ്ഞെടുത്ത ഗാനങ്ങളും ശ്രുതിമധുരമായി.

ഇടവക വികാരി റെവ. ഡോ. ജേക്കബ് ജോർജിന്റെ നേതൃത്വത്തിൽ ഇടവകയിലെ സേവികാ സംഘം അംഗങ്ങളും മറ്റു സ്ത്രീകളും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# കേരളാ കോൺഗ്രസിൽ തലമുറ മാറ്റം; മകന് വേണ്ടി പാർലമെന്ററി രാഷ്ട്രീയം വിട്ട് പി.ജെ ജോസഫ്




എ.എസ് ശ്രീകുമാർ

എക്കാലത്തും യു.ഡി.എഫിന്റെ പവർ ഹൗസായ പി.ജെ ജോസഫ് 56 വർഷത്തെ പാർലമെന്ററി രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ച് മകനും കേരള കോൺഗ്രസ് സ്റ്റേറ്റ് കോർഡിനേറ്ററുമായ അപു ജോൺ ജോസഫിന് ബാറ്റൺ കൈമാറിയത് തികച്ചും അപ്രതീക്ഷിതമായിട്ടായിരുന്നു. 1970 മുതലുള്ള തിരഞ്ഞെടുപ്പുകളിൽ പാട്ടുപാടി വിജയിച്ചിട്ടുള്ള ഗായകൻ കൂടിയായ പി.ജെ ജോസഫ് എന്ന 85 കാരൻ കേരള നിയമസഭയിലെ ഏറ്റവും പ്രായമേറിയ സാമാജികനാണ്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള കേരളാ കോൺഗ്രസിന്റെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച പി.ജെ ജോസഫ് തനിക്ക് പകരം മകന്റെ പേര് വായിച്ചപ്പോൾ അത് കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ അതികായന്റെ പടിയിറക്കമായി. മകനുവേണ്ടി ഒരച്ഛന്റെ വഴിമാറിക്കൊടുക്കലുമായി.

ആരോഗ്യപരമായ കാരണങ്ങളാലാണ് തിരഞ്ഞടുപ്പ് രംഗത്തു നിന്ന് മാറി നിൽക്കുന്നതെന്നും എന്നാൽ ജനസേവനത്തിനായി എന്നും മുന്നിൽത്തന്നെയുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു. തൊടുപുഴയെ തൊടുപുഴയാക്കിയ തന്റെ അപ്പച്ചന്റെ പാതയിലെത്തുമ്പോൾ വലിയ ടെൻഷൻ ഉണ്ടെന്നും എന്നാലിത് അതി കഠിനമായ ഉത്തരവാദിത്തമെണെന്നും സ്ഥാനാർത്ഥി പ്രഖ്യാപനത്തിന് ശേഷം അപു ജോൺ ജോസഫ് പറഞ്ഞു.

കേരള രാഷ്ട്രീയത്തിലെ സൗമ്യ വ്യക്തിത്വത്തിനുടമയും അടിമുടി കർഷകനുമായ പി.ജെ ജോസഫ് രാഷ്ട്രീയ പാരമ്പര്യമില്ലാത്ത തൊടുപുഴ പുറപ്പുഴ പാലത്തിനാൽ വീട്ടിൽ നിന്ന് പാർലമെന്ററി രാഷ്ട്രീയ മണ്ണിലേക്ക് ചുവടു വയ്ക്കുന്നതും നിയമസഭയിലേക്ക് ആദ്യമായി എത്തുന്നതും 1970-ലാണ്. കെ.എം മാണിക്ക് പാലാ പോലെയാണ് ജേസഫിന് തൊടുപുഴ. കാരണം പത്ത് തവണയാണ് തൊടുപുഴ നിയോജക മണ്ഡലത്തിൽ നിന്നു വിജയിച്ച് അദ്ദേഹം നിയമസഭയിലെത്തിയത്. ഇക്കാലയളവിൽ വിവിധ വകുപ്പുകളുടെ മന്ത്രി പദവിയിൽ ഇരുന്ന് പി.ജെ ജോസഫ് തന്റേതായ കയ്യൊപ്പ് ചാർത്തുന്നത് കേരളം കൗതുകത്തോടെ കണ്ടു.

ഇനി 'കേരളാ കോൺഗ്രസ് ചെയർമാൻ' എന്നതായിരിക്കും രാഷ്ട്രീയ കേരളത്തിലെ പി.ജെ ജോസഫിന്റെ മേൽവിലാസം.

1978-ൽ 35-ാം വയസിൽ കേരളത്തിന്റെ ആഭ്യന്തര വകുപ്പ് മന്ത്രിയായ പി.ജെ ജോസഫ് കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ആഭ്യന്തര മന്ത്രിയായിരുന്നു. യു.ഡി.എഫ് എന്ന ഐക്യ ജനാധിപത്യ മുന്നണിയുടെ ആദ്യ കൺവീനർ പദവിയും അലങ്കരിച്ചത് പി.ജെ ജോസഫാണ്. റവന്യൂ, വിദ്യാഭ്യാസം, പൊതുമരാമത്ത്, ജലസേചനം, രജിസ്ട്രേഷൻ വകുപ്പുകൾ പിൽക്കാലത്ത് പി.ജെ ജോസഫ് കൈകാര്യം ചെയ്തു. അഞ്ചു മുഖ്യമന്ത്രിമാർക്കൊപ്പം മന്ത്രിയായിരുന്ന പി.ജെ ജോസഫിന്റെ ഏറ്റവും അടുപ്പക്കാർ ഇ.കെ നായനാരും, എ.കെ ആന്റണിയുമാണ്. കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ പിളർപ്പിലും യോജിപ്പിലും പി.ജെ ജോസഫ് സ്വീകരിച്ച ഉറച്ച നിലപാടുകൾ കേരള രാഷ്ട്രീയ ചരിത്രത്തോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.



പശുവളർത്തലും പാൽ ഉത്പാദനവും ജൈവ പച്ചക്കറി കൃഷിയും ജീവിതത്തിന്റെ ഭാഗമാക്കിയ പി.ജെ ജോസഫ് 1968-ൽ കേരള കോൺഗ്രസിലൂടെയാണ് പിജെ ജോസഫ് കേരള രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. 1970-ൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ നിന്ന് ആദ്യമായി കേരള നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് നടന്ന നിയമസഭ തിരഞ്ഞെടുപ്പുകളിൽ ഒരു തവണ ഒഴിച്ച് അദ്ദേഹം എം.എൽ.എ ആയി തുടരുന്നു. 1989-ൽ മൂവാറ്റുപുഴയിൽ നിന്നും 1991-ൽ ഇടുക്കിയിൽ നിന്നും ലോക്സഭയിലേയ്ക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 2001-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ തൊടുപുഴയിൽ നിന്ന് ആദ്യമായി പി.ടി.തോമസിനോട് പരാജയപ്പെട്ടു . 1970, 1977, 1980, 1982, 1987, 1996, 2006, 2011, 2016, 2021 എന്നീ വർഷങ്ങളിൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പുകളിൽ തൊടുപുഴയിൽ നിന്ന് ജയിച്ച ജോസഫ് ആദ്യമായി മന്ത്രി ആകുന്നത് 1978-ൽ ആണ്.

എ.കെ ആന്റണി മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പ് മന്ത്രിയായി തുടങ്ങിയ ജോസഫ് 1981-1982,1982-1987 കാലഘട്ടത്തിൽ കെ കരുണാകരൻ നയിച്ച മന്ത്രിസഭയിൽ രണ്ട് തവണ റവന്യൂ മന്ത്രിയായി. 1996-2001-ലെ ഇ.കെ നായനാർ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പിന്റെ മന്ത്രിയായിരുന്നു. പിന്നീട് 2006-ലെ വി.എസ് അച്യുതാനന്ദൻ സർക്കാരിലും ചെറിയൊരു കാലയളവിൽ രണ്ടു തവണ പൊതുമരാമത്ത് വകുപ്പിന്റെ മന്ത്രിയായി. 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് നേരിയ ഭൂരിപക്ഷം ലഭിച്ച് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയതോടെയാണ് ജോസഫ് ഏഴാം തവണയും മന്ത്രിയായത്. 2014-ലെ ബാർ കോഴ വിവാദത്തിൽ ആരോപണ വിധേയനായ ധനകാര്യ വകുപ്പ് മന്ത്രി കെ.എം മാണി 2015 നവംബർ 10-ന് മന്ത്രി സ്ഥാനം രാജിവച്ചു. മാണിക്കൊപ്പം രാജി വയ്ക്കാൻ പാർട്ടിയിൽ നിന്ന് സമ്മർദ്ദം ഉണ്ടായി എങ്കിലും പി.ജെ ജോസഫ് മന്ത്രി സ്ഥാനത്ത് തുടർന്നത് കേരള കോൺഗ്രസ് മാണി ഗ്രൂപ്പിൽ ഏറെ വിമർശനങ്ങൾക്ക് വഴിവച്ചു. 2016ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ജലവിഭവ വകുപ്പിന്റെ മന്ത്രിയായി 5 വർഷം കാലാവധി പൂർത്തിയാക്കി.

ജീവിതത്തിൽ വലിയ സങ്കടങ്ങളും പി.ജെയ്ക്കുണ്ടായി. 2023-ൽ പ്രിയ പത്നി ഡോ. ശാന്തയുടെയും ഈ അടുത്തകാലത്ത് മകൻ ജോമോന്റെയും വിയോഗം പി.ജെ ജോസഫിനെ ഉലച്ചെങ്കിലും നന്മനിറഞ്ഞ കർഷകന്റെ മനസും സംഗീതം എന്ന മാന്ത്രികതയും പി.ജെ ജോസഫ് എന്ന ഔസേപ്പച്ചന്റെ കരുത്താണ്. കേരള രാഷ്ട്രീയത്തിലെ ജെന്റിൽമാൻ പട്ടമുള്ള നേതാവ്, ഖദർ ധരിക്കാത്ത ഗാന്ധിയൻ വിശേഷണങ്ങൾ ഏറെയുള്ള പി.ജെ ജോസഫ് രാഷ്ട്രീയത്തിലെ വേറിട്ട മുഖമായി തുടരുന്നു. അതേസമയം കേരള രാഷ്ട്രീയത്തിൽ സുപ്രധാന പങ്കുവഹിച്ച ഒരു നേതാവിന്റെ പാർലമെന്ററി ജീവിതമാണ് ''ആരോഗ്യപരമായ കാരണങ്ങളാൽ മത്സരിക്കുന്നില്ല...'' എന്ന പി.ജെ ജോസഫിന്റെ തീരുമാനത്തോടെ അവസാനിക്കുന്നത്.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# 36ാമത് ജിമ്മി ജോർജ് നാഷണൽ വോളിബോൾ ടൂർണമെന്റ് ഡാലസിൽ

## ഡാലസ് സ്ട്രൈക്കേഴ്സ് ആതിഥേയത്വം വഹിക്കും

## കിക്കോഫ് ആവേശകരമായി



**മാർട്ടിൻ വിലങ്ങോലിൽ**

ഡാലസ്/ഇർവിങ്: ഡാലസ് സ്ട്രൈക്കേഴ്സ് വോളിബോൾ ക്ലബ്ബിന്റെ ആതിഥേയത്വത്തിൽ സംഘടിപ്പിക്കുന്ന 36-ാമത് ജിമ്മി ജോർജ് നാഷണൽ വോളിബോൾ ടൂർണമെന്റിന് ഡാലസിൽ വേദിയൊരുങ്ങുന്നു. ടൂർണമെന്റിന്റെ ആവേശകരമായ 'കിക്കോഫ്' ചടങ്ങ് ഇർവിംഗിൽ സമുചിതമായി നടന്നു.

ഇരുന്നൂറിലധികം കായികപ്രേമികളുടെ സാന്നിധ്യം കൊണ്ട് പ്രൗഢഗംഭീരമായ കിക്ക് ഓഫ് ചടങ്ങ് ഡാലസിലെ വോളിബോൾ ആവേശം വാനോളമുയർത്തിയ ആഘോഷമായി മാറി

റവ. ഫാ. ബിൻസ് ചേത്തലിൽ നിർവ്വഹിച്ച പ്രാർത്ഥനയോടെ ചടങ്ങുകൾക്ക് തുടക്കമായി.

ഇർവിംഗ് സിറ്റി കൗൺസിലർ ലൂയിസ് കനോസ, പ്രമുഖ മാധ്യമപ്രവർത്തകൻ ഷാജൻ സ്കറിയാ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. ചടങ്ങിൽ ഗ്രാൻഡ് സ്പോൺസർ ബിജു ലോസണ്

ആദ്യ റാഫിൾ ടിക്കറ്റ് കൈമാറിക്കൊണ്ട് ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു.

ക്ലബ് പ്രസിഡന്റ് ഷിബു ഫിലിപ്പ് ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഡാലസ് സ്ട്രൈക്കേഴ്സ് ടീം കോച്ച് ജിനു കുടിലിൽ ടൂർണമെന്റിനായി ടീമുകൾ നടത്തുന്ന ചിട്ടയായ തയ്യാറെടുപ്പുകളെക്കുറിച്ച് വിശദീകരിച്ചു.

ടൂർണമെന്റ് കോർഡിനേറ്റർ ജോസി ജോസഫ് നന്ദി പ്രകാശിപ്പിച്ചതോടെ ആവേശകരമായ കിക്ക് ഓഫ് ചടങ്ങുകൾക്ക് സമാപനമായി.

ഇന്ത്യൻ വോളിബോൾ ഇതിഹാസം ജിമ്മി ജോർജിന്റെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന ഈ ടൂർണമെന്റ്, ഡാലസിലെ വോളിബോൾ പ്രേമികൾക്ക് പുത്തൻ ആവേശം പകരുമെന്ന് സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചു.

36-ാമത് ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റ് കമ്മിറ്റി:

സുനിൽ വർഗീസ് ചെയർമാൻ

ഷിബു ഫിലിപ്പ് ക്ലബ് പ്രസിഡന്റ്

ജോസി തലച്ചെല്ലൂർ സെക്രട്ടറി

മനോജ് പാപ്പൻ ട്രഷറർ

ജിനു കുടിലിൽ ടീം കോച്ച്

തങ്കച്ചൻ ജോസഫ് ടീം മാനേജർ

മറ്റു കമ്മിറ്റി അംഗങ്ങൾ:

ടോമി തലച്ചെല്ലൂർ, സേവി ഫിലിപ്പ്, ജോസ് തോമസ്, പ്രിൻസ് പെരുംതറ, പ്രസാദ് എബ്രഹാം, നെൽസൺ ജോസഫ്, റോബിൻ ജോസഫ്, സാക്ക് തോമസ്, ബിജി ജോൺ, ഷാജി മാത്യു.


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us